## സബ്മിഷൻ

### കരാർ തൊഴിലാളികളെ പിരിച്ചുവിട്ടത് സംബന്ധിച്ച്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, കോഴിക്കോട് വിമാനത്താവളത്തിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന 220-ലധികം തൊഴിലാളികൾക്ക് ജോലി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. എയർ ഇന്ത്യയുടെ ക്ലീനിംഗിന്റെയും ലോഡിംഗിന്റെയും കരാർ എടുത്ത പുതിയ കരാറുകാരൻ ഇവർക്ക് പാസ്സ് നൽകാത്തതുമൂലമാണ് തൊഴിലില്ലാതായത്. ഇവർ വർഷങ്ങളായി ജോലി ചെയ്തുവരുന്നവരും പരിസരവാസികളുമാണ്. ഈ വിമാനത്താവളം വരുന്നതിന് സ്ഥലവും വീടും ഉൾപ്പെടെ നൽകി ത്യാഗംചെയ്ത ഇവർക്ക് ആകെ ലഭിക്കുന്നത് താഴെത്തട്ടിലുള്ള ഈ ജോലി മാത്രമാണ്. ഇവരെ ഒഴിവാക്കിയതിനുപകരമായി മറ്റു സംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികളെ ഇറക്കി ജോലി ചെയ്യിപ്പിക്കുകയാണ്. അതീവസുരക്ഷയുള്ള എയർപോർട്ടിലെ ടെർമിനലിൽ അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസമൊരുക്കി എയർപോർട്ട് ഡയറക്ടർ കരാറുകാരന്റെ അന്യായത്തിന് കൂട്ടുനിൽക്കുകയാണ്. അതുകൊണ്ടുതന്നെ ജോലി നിഷേധിക്കപ്പെട്ട തൊഴിലാളികൾക്ക് ജോലി നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷനിലെ ഉദ്ദേശം. ഈ തൊഴിലാളികൾക്ക് 370 രൂപയാണ് ദിവസത്തിൽ ശമ്പളമായി ഏതാണ് രണ്ടുകൊല്ലമായി ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ കാലയളവിൽ 370 രൂപ കിട്ടിയാൽ ഒരു കുടുംബം എങ്ങനെ ജീവിക്കുമെന്നുള്ളത് നമ്മൾ ചിന്തിക്കേണ്ടതാണ്. അതു മാത്രമല്ല, ജോലിക്ക് എത്തേണ്ട സമയം തീരുമാനിച്ചിട്ടുണ്ടെങ്കിലും എപ്പോഴാണ് ജോലി അവസാനിക്കുക എന്ന് തീരുമാനിക്കാതെയാണ് ദിവസം മുഴു

വനും ജോലിയെടുക്കുന്നത്. കൂലി കൂട്ടിനൽകണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടിരുന്നു. അതുകൊണ്ടാണ് എയർപോർട്ടിലേക്ക് കടക്കാൻ പാസ്സ് പുതുക്കി നൽകാത്തത്. അതുമാത്രമല്ല ഇക്കഴിഞ്ഞ ജൂലൈ 8 ചൊവ്വാഴ്ച വിമാനത്താവള വികസനത്തിനുവേണ്ടി 29 പുരയിടങ്ങളിലുള്ള സ്ഥലമേറ്റെടുക്കുന്നതിന് പത്രത്തിൽ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഈ സ്ഥലങ്ങളൊക്കെ ഈ തൊഴിലാളികളുടെയും സ്വന്തക്കാരുടെയുമാണ്. ഇതിനുവേണ്ടി സ്ഥലം കൂടുതൽ എടുക്കേണ്ടത് പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നാണ്. കോഴിക്കോട് വിമാനത്താവളത്തിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന 220 കരാർതൊഴിലാളികൾക്ക് ജോലി നിഷേധിച്ച എയർ ഇന്ത്യയുടെ നടപടി നിഷേധാർഹമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ടര മിനിട്ട് കഴിഞ്ഞു. ഇന്നലെ അങ്ങ് സഭയയിൽ ഇല്ലായിരുന്നോ?

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: ഞാൻ ഈ സഭയിൽ വളരെക്കുറച്ച് സംസാരിക്കുന്ന ആളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതല്ല. ഒരു സബ്മിഷന് ഇത്ര സമയം എന്നുണ്ട്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. തദ്ദേശവാസികൾക്ക് ജോലി നിഷേധിച്ചതിനുപുറമേ വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ച് ജനങ്ങളെ

അധികൃതർ വെല്ലുവിളിക്കുകയാണ്. എയർ ഇന്ത്യയുടെ നടപടി തിരുത്തി തൊഴിലാളികൾക്ക് ജോലിയും മാന്യമായ കൂലിയും നൽകാൻ തയ്യാറാകണമെന്നും ഭൂമി ഏറ്റെടുക്കാൻ പുറപ്പെടുവിച്ച വിജ്ഞാപനം റദ്ദാക്കണമെന്നും പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സമിതി ഐക്യകണ്ഠ്യേന ആവശ്യപ്പെടുന്ന ഒരു തീരുമാനമാണ്. അതുപോലെതന്നെ വളരെ കുറഞ്ഞ തുകയ്ക്ക് ജോലി ചെയ്തുവരുന്ന ഐ.എൻ.റ്റി.യു.സി., സി.ഐ.ടി.യു., എസ്.റ്റി.യു. തുടങ്ങിയ യൂണിയനുകളുടെ 220-ലധികം തൊഴിലാളികൾ പട്ടിണിയിലാണ്. തൊഴിലാളികളുടെയും കുടുംബങ്ങളുടേയും സമരം ഒരു ക്രമസമാധാന പ്രശ്നമായി വളർന്നിട്ടുണ്ട്. അതുകൊണ്ട് ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് തൊഴിൽ നഷ്ടപ്പെട്ട കരാർത്തൊഴിലാളികൾക്ക് കോഴിക്കോട് വിമാനത്താവളത്തിൽ ജോലി തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ബഹുമാനപ്പെട്ട മെമ്പർ മുഹമ്മദുണ്ണി ഹാജി പറഞ്ഞതുപോലെ അദ്ദേഹം വളരെ കൂടുതൽ സംസാരിക്കുന്ന ആളല്ല. അദ്ദേഹം വളരെ ശാന്തനുമാണ്. ഈ പ്രശ്നത്തിൽ അദ്ദേഹം വളരെ വികാരാധീനനാണ്. എന്നോടുതന്നെ ഇക്കാര്യത്തെക്കുറിച്ച് വളരെ വികാരത്തോടുകൂടിയാണ് സംസാരിച്ചത്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ വളരെയേറെ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ട വികാരത്തിന്റെയടിസ്ഥാനത്തിലാണ്. ഈ പ്രശ്നം അദ്ദേഹവും യൂണിയനുകളും എന്റെയടുത്ത് റെപ്രസെന്റ് ചെയ്തിരുന്നു. ഞാൻ കോൺട്രാക്ടുമായി ബന്ധപ്പെട്ടിട്ടുള്ളവരെ നേരിട്ട് വിളിച്ച് സംസാരിച്ചു. അവർ ഏറ്റവും വേഗത്തിൽ ഒരു പരിഹാരമുണ്ടാക്കാം എന്നാണ് പറഞ്ഞിരിക്കുന്നത്. എയർ ഇന്ത്യ

അവിടത്തെ ഹാന്റ്ലിംഗ് ജോലികൾ കോൺട്രാക്ട് കൊടുത്തിരിക്കുകയാണ്. ആ കോൺട്രാക്ട് പീരീഡ് ജൂൺ 30-ന് തീർന്നു. ജൂലൈ 1-ന് പുതിയ കോൺട്രാക്ട് വന്നു. അദ്ദേഹം നെഗോസിയേഷൻസ് ഒക്കെ നടത്തി. ഇതിന്റെ ഓപ്പറേഷൻസ് ആരംഭിക്കാൻ ജൂലൈ 15-വരെ സമയം ചോദിച്ചിരിക്കുകയാണ്. ജൂലൈ 1 മുതൽ 15 വരെ എയർ ഇന്ത്യ ഇപ്പോൾ സ്വന്തമായി താൽക്കാലിക ഏർപ്പാടുണ്ടാക്കിയിരിക്കുകയാണ്. ജൂലൈ 15-നകം ഇതിനൊരു പരിഹാരം ഉണ്ടാക്കി നേരത്തേ തൊഴിൽ എടുത്തവരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഒരു തീരുമാനം ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. അതിനുള്ള എല്ലാ ശ്രമങ്ങളും നടത്തും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കും എന്ന് ഉറപ്പുനൽകുന്നു.

<u>പ്രതിയെ അറസ്റ്റ് ചെയ്യൽ</u>

<u>ശ്രീ. മാത്യു. റ്റി. തോമസ്</u>: സർ, എന്റെ മണ്ഡലത്തിലെ കല്ലൂപ്പാറ ദേവീ ക്ഷേത്രത്തിൽ 2012 ജൂലൈ മാസം 4-ാം തീയതി വെളുപ്പിന് അവിടെ താമസിച്ചിരുന്ന ഒരു അന്തേവാസിയെ കൊലപ്പെടുത്തിക്കൊണ്ട് ക്ഷേത്രത്തിൽ കവർച്ച നടത്തുകയും 20 പവനോളം വരുന്ന സ്വർണ്ണത്താഴികക്കുടം മോഷ്ടിക്കുകയും ചെയ്തു. ആദിവസംതന്നെ നിയമസഭയിൽ ഈ വിഷയം ഉന്നയിക്കുകയും അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സ്ഥലം സന്ദർശിക്കുകയും പോലീസ് വളരെ ഊർജ്ജിതമായി പ്രവർത്തിക്കുകയും ചെയ്ത് കുറേയധികം പ്രതികളെ പിടികൂടുകയുണ്ടായി. ക്ഷേത്രക്കമ്മിറ്റി എനിക്ക് നൽകിയ കത്തുപ്രകാരം ആ കുറ്റകൃത്യത്തിലെ

പ്രധാനകണ്ണിയായ, ഒന്നാം പ്രതി എന്നാണ് അവർ പറഞ്ഞത്. പ്രതിവർഗ്ഗത്തിൽ ചേർക്കപ്പെട്ടിരിക്കുന്ന അജി എന്ന ആൾ ആ പ്രദേശത്തിന്റെ കിഴക്ക് പ്രദേശങ്ങളിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. അദ്ദേഹത്തെ ഇതുവരെയും പിടികൂടിയിട്ടില്ല. ഇതുമാത്രമല്ല, സ്വർണ്ണത്താഴികക്കുടത്തിന്റെ കുറച്ചുഭാഗം മാത്രമേ seize ചെയ്തെടുക്കാൻ സാധിച്ചുള്ളൂ. ബഹുഭൂരിപക്ഷം സ്വർണ്ണവും നഷ്ടപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ ഒരന്വേഷണവും നടക്കുന്നില്ല. അതുകൊണ്ട് ഈ അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രധാനപ്രതിയായ അജിയെ പിടികൂടാൻ നടപടി സ്വീകരിക്കണമെന്നും നഷ്ടപ്പെട്ട സ്വർണ്ണം ആ ക്ഷേത്രത്തിന് തിരികെ ലഭിക്കാൻ വേണ്ടതായ നടപടി സ്വീകരിക്കണമെന്നുമാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇപ്പോഴത്തെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് വൈകാരികമായ വളരെയധികം ബന്ധമുള്ള ഒരു ക്ഷേത്രംകൂടിയാണ് ഇത്. ഊർജ്ജിതമായ ഒരു നടപടി ഉണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ മാത്യു റ്റി. തോമസ് ഇവിടെ അവതരിപ്പിച്ച ഈ സബ്മിഷനിൽ ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. 04-07-2012–ന് പുലർച്ചെ രണ്ട് മണിയോടെ കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കല്ലൂപ്പാറ ദേവിക്ഷേത്രത്തിലെ അന്തേവാസിയായ 60 വയസ്സുള്ള ഗോപാലകൃഷ്ണ കൈമളിനെ കൊലപ്പെടുത്തി സ്വർണ്ണ താഴികക്കുടം മോഷ്ടിച്ച സംഭവത്തിൽ ക്ഷേത്രം പ്രസിഡന്റ് ശ്രീ. ഉദയകുമാറിന്റെ പരാതിപ്രകാരം ഐ.പി.സി. 120(ബി), 109,

449, 342, 397, 364, 302, 34 എന്നീ വകുപ്പകൾ പ്രകാരം ക്രൈം നം. 409/12–ആയി കീഴ്‌വായ്പൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ കന്യാകുമാരി ജില്ലക്കാരായ ശേഖർ, അയ്യപ്പൻ, നെയ്യാറ്റിൻകര സ്വദേശി മണിക്കുട്ടൻ, കല്ലൂപ്പാറ സ്വദേശിയായ വർഗ്ഗീസ് ജോൺ, ബിജു എന്ന് വിളിക്കുന്ന അജി, കടമ്മനിട്ട സ്വദേശിയായ റെജി ജോർജ് എന്നിവരാണ് പ്രതികളെന്ന് വെളിവായി. ഇവരിൽ അഞ്ചാം പ്രതിയായി ചേർത്തിട്ടുള്ള ബിജു എന്ന് വിളിക്കുന്ന അജി ഒഴികെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമനടപടികൾക്ക് വിധേയമാക്കി. ഈ കേസിലെ ഒന്നാം പ്രതിയായ ശേഖർ, ആറാം പ്രതിയായ റെജി ജോർജ് എന്നിവരോടൊപ്പം മുൻപ് തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിഞ്ഞിരുന്നായാളാണ് അഞ്ചാം പ്രതിയായ അജി. ഈ പരിചയത്തിലാണ് മറ്റ് പ്രതികളോടൊപ്പം കല്ലൂപ്പാറയിൽ കൊലപാതകവും മോഷണവും നടത്തിയത്. കൃത്യത്തിനുശേഷം ഒളിവിൽ പോയിട്ടുള്ള അജിയെ കണ്ടെത്തുന്നതിന് ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു. അഞ്ചാം പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനായി കൂടുതൽ അന്വേഷണം നടക്കുന്നതിനാൽ നിലവിലുള്ള പ്രതികളെ ചേർത്ത് കുറ്റപത്രം തയ്യാറാക്കി 30-06-2014-ന് ബഹുമാനപ്പെട്ട തിരുവല്ല ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ക്ഷേത്രത്തിൽ നിന്നും പ്രതകൾ മോഷ്ടിച്ച 20 പവൻ തൂക്കമുള്ള സ്വർണ്ണ താഴികക്കുടത്തിന്റെ 10 പവനോളം തൂക്കംവരുന്ന സ്വർണ്ണം കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡത്തുള്ള ബിസ്മില്ലാ ജൂവലറിയിൽ നിന്ന് കണ്ടെടുക്കുകയുണ്ടായി. ഈ കേസിന്റെ അന്വേഷണ മികവിന് അർഹരായ മൂന്ന് ഉദ്യോഗസ്ഥരെ സംസ്ഥാന പോലീസ്

മേധാവി 04-02-2014-ന് ബാഡ്ജ് ഓഫ് ഓണർ നൽകി ആദരിച്ചിട്ടുണ്ട്. പോലീസ് ആസ്ഥാനത്ത് ഒരു കമ്മിറ്റി അന്വേഷണ മികവ് വിലയിരുത്തിയാണ് ഈ അംഗീകാരം നൽകിയിട്ടുള്ളത്. ഈ കേസിൽ അർഹരായിട്ടുള്ള വർക്കാണ് ബഹുമതി നൽകിയിട്ടുള്ളത്. അജിയെ പിടക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടന്നുവരുകയാണ്.

## പ്രത്യേക സെൽ രൂപീകരണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളത്തിലെ വയനാട്, പാലക്കാട്, കാസർഗോഡ് തുടങ്ങിയ ട്രൈബൽ മേഖലകളിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടിയാണ് ഒരു ഡിവൈ.എസ്.പി. –യോടുകൂടിയുള്ള സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് സ്ഥാപിച്ചത്. എന്നാൽ ഇത്തരം കേസുകളിൽ എഫ്.ഐ.ആർ. ഇടുന്നത് അതാത് പരിധിയിലുള്ള പോലീസ് സ്റ്റേഷനിലാണ്. അതിനുശേഷമാണ് സ്പെഷ്യൽ മൊബൈൽ സ്ക്വാഡിന് ഈ അന്വേഷണ ചുമതല കൊടുക്കുന്നത്. ഇത്തരം കേസുകളുടെ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം മൊബൈൽ സ്ക്വാഡിന് കൊടുക്കുന്നതിനുവേണ്ടിയും അവർക്ക് ആവശ്യമായ വനിതാ പോലീസിനോടുകൂടിയുള്ള സ്റ്റാഫ് സ്ട്രെങ്ത് കൂടി നൽകുകയും എസ്.എം.എസ്. സംവിധാനം ഇല്ലാത്ത ജില്ലകളിൽ മൊബൈൽ സ്ക്വാഡിന്റെ പരിധിയിലുള്ള പോലീസ് സ്റ്റേഷന് എസ്.എം.എസ്.–ന്റെ ഒരു സെൽ രൂപീകരിച്ചുകൊണ്ട് ഇത്തരത്തിലുള്ള കേസ് അന്വേഷിക്കുന്നതിനു വേണ്ടിയുള്ള സാഹചര്യങ്ങളും ഉണ്ടാക്കണമെന്നാണ് ഈ സബ്മിഷനിൽക്കൂടി ആവശ്യപ്പെടുന്നത്. ട്രൈബൽ മേഖലയിൽ ഒട്ടനവധി

ചൂഷണങ്ങളും കുറ്റകൃത്യങ്ങളും നടക്കുന്നുവെന്നതു സംബന്ധിച്ച പത്രവാർത്തകൾ കഴിഞ്ഞ ദിവസങ്ങളിൽ വന്നിരുന്നു. ഈ മൂന്ന് ജില്ലകളിലാണ് ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഉള്ളത്. മറ്റു ജില്ലകളിൽക്കൂടി പോലീസ് സ്റ്റേഷനിൽത്തന്നെ ഇത്തരം സെല്ലുകൾ രൂപീകരിച്ചുകൊണ്ടുള്ള ഒരു സാഹചര്യം ഉണ്ടാകണമെന്നാണ് ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ ട്രൈബൽ മേഖലയിലെ പോലീസ് സ്റ്റേഷനുകളിൽ എസ്.സി./എസ്.ടി. പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട്, 1989 പ്രകാരവും പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ്, 1955 പ്രകാരവും രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട പരാതികളിലും കാര്യക്ഷമമായ അന്വേഷണം നടത്തുകയെന്ന ലക്ഷ്യം വച്ചാണ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ രൂപീകരിച്ചത്. നിലവിൽ പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലാണ് സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുള്ളത്. മേൽപ്പറഞ്ഞ തരം കുറ്റകൃത്യങ്ങളെ സംബന്ധിച്ച കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ അവ പരിഹരിക്കുന്നതിനായി നിലവിലുള്ള മൂന്ന് എസ്.എം.എസ്. യൂണിറ്റുകളെ ചാർജ്ജിംഗ് സ്റ്റേഷനായി ഉയർത്തുന്നതിനും തിരുവനന്തപുരം റൂറൽ, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോഴിക്കോട് റൂറൽ എന്നീ അഞ്ച് ജില്ലകളിൽക്കൂടി പുതിയ എസ്.എം.എസ്. യൂണിറ്റുകൾ ആരംഭിക്കുന്നതിനും ജി.ഒ.(എം.എസ്.) നം. 210/2013/ഹോം.

തീയതി 26–08–2013 പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള മൂന്ന് എസ്.എം.എസ്. യൂണിറ്റുകളുടെയും പുതിയതായി അനുവദിച്ച അഞ്ച് എസ്.എം.എസ്. യൂണിറ്റുകളുടെയും സുഗമമായ പ്രവർത്തനത്തിന് അധിക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി 06–02–2014–ന് സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളെ ഗവൺമെന്റ് ഗൗരവത്തോടെയാണ് എടുക്കുന്നത്. ഉണ്ടാകുന്ന കേസുകളിൽ വളരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഉന്നയിച്ച ഇതേകാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ആദിവാസി പെൺകുട്ടികളെ ചൂഷണം ചെയ്യുന്നത് ഉൾപ്പടെയുള്ള നിരവധി തെറ്റായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. വളരെ കർശനമായ നടപടികൾ ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## അനധികൃത മണൽ ഖനനം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് ജില്ലയിൽ മണൽക്ഷാമം നേരിടുന്നത് സംബന്ധിച്ചുള്ള വിഷയമാണ് പ്രധാനമായും സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഒരു പുറത്ത് ക്ഷാമമാണെങ്കിൽ മറ്റൊരു പുറത്ത് അനധികൃതമായ ഖനനം നടക്കുകയും ചെയ്യുന്നുണ്ട്. അവിടെ മണൽ വിതരണം ചെയ്തുകൊണ്ടിരുന്നതിന് ഒരു മാതൃകാപരമായ സംവിധാനം ഉണ്ടായിരുന്നു, ഇ–മണൽ സിസ്റ്റം. ആ ഇ–മണൽ സംവിധാനത്തെയാകെ തകർക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടന്നു

വരികയാണ്. അവിടെ വിതരണം ചെയ്തുകൊണ്ടിരുന്ന ഇ-മണലിൽ ഏതാണ്ട് 60-70 ശതമാനത്തോളം തുറമുഖത്തുനിന്നെടുക്കുന്ന പോർട്ട് മണലും 30-40 ശതമാനത്തിനടയിൽ വരുന്നത് പുഴകളിൽ നിന്നെടുക്കുന്ന പുഴ മണലുമായിരുന്നു. ഇതിനെ കേന്ദ്രീകരിച്ചുകൊണ്ട് ജില്ലാ ഭരണകൂടത്തിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ഭംഗിയായി നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ അതിൽ വന്നുപെട്ടിരിക്കുന്നത്, പോർട്ട് മണൽ പ്രത്യേകമായി ഇതിൽ നിന്ന് വിഭജിച്ച് പോർട്ടിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്താനും അവശേഷിക്കുന്നത് മാത്രം ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനുമുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. ഇതിന്റെ പിന്നിൽ വളരെ ബോധപൂർവ്വമായ ഒരു വലിയ വിഭാഗം ഉദ്യോഗസ്ഥരുടെയും മണൽ മാഫിയയുടെയും ഒത്തുകളിയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിൽ ഒരു പ്രധാന കാര്യമായി ചൂണ്ടിക്കാണിക്കാനുള്ളത്, ഇ-മണൽ സൈറ്റ് പലപ്പോഴും ബ്ലോക്ക് ചെയ്തിരിക്കുകയായിരിക്കും. അക്ഷയ സെന്ററുകളിലും മറ്റും പോയി മണലിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കാൻ ചെന്നാൽ സൈറ്റ് ബ്ലോക്കായിരിക്കും. എന്നാൽ അർദ്ധരാത്രിയാകുമ്പോൾ പോർട്ട് മണലിന്റെ സൈറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയും. അത് പ്രത്യേകമായി ചില ആളുകൾക്ക് ചെയ്യാൻ കഴിയുന്ന കാര്യമായി മാറി. ഇതിന്റെ ഫലമായി അവിടത്തെ നിർമ്മാണ മേഖലയെ, പ്രത്യേകിച്ച് വളരെ ദുർബ്ബലരായ പാവപ്പെട്ട ആളുകൾ നിർമ്മിക്കുന്ന വീടുകൾക്ക് ആവശ്യമായ മണൽ ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുകയാണ്. ആ മണൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെങ്കിൽ നേരത്തെ ഉണ്ടായിരുന്നതുപോലെ പോർട്ട് മണലും പുഴ മണലും ഉൾപ്പെടെയുള്ളതെല്ലാം ഇ-മണൽ സംവിധാനത്തിന്റെ നിയന്ത്ര

ണത്തിൽ കൊണ്ടുവരികയും ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിന് വിധേയമായി നടത്താൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യണം. അത് ഇല്ലാത്ത സാഹചര്യത്തിൽ അവിടെ ഉണ്ടാക്കുന്ന വലിയ പ്രശ്നങ്ങൾ, പ്രത്യേകിച്ച് മണൽ കടത്തുകാർക്കും അനധികൃത മണൽ കടത്തുകാർക്കും ആവശ്യമായ ഒത്താശ ചെയ്തുകൊടുക്കുന്നതിന് ഭരണകൂടത്തിന്റെ ഒരു ധാരണ/പിന്തുണ ഉണ്ടെന്നുള്ള സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. ഈ സംവിധാനം മാറ്റാനും പാവപ്പെട്ട ആളുകൾക്ക് നേരത്തെ ലഭിച്ചുകൊണ്ടിരുന്നതുപോലെ യഥാസമയം മണൽ ലഭിക്കാൻ ആവശ്യമായ സംവിധാനം ഇതിലൂടെ നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കാസർഗോഡ് ജില്ലയിലെ മണൽ പ്രശ്നത്തിന് പരിഹാരമെന്ന നിലയിലാണ് ഇ-മണൽ സംവിധാനം നടപ്പിലാക്കിവരുന്നത്. മണൽ മാഫിയയുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിന് തുടങ്ങിയ ഇ-മണൽ സംവിധാനം മണൽ ലഭ്യതയ്ക്കുണ്ടായ കുറവും പരിസ്ഥിതി ക്ലിയറൻസ് കിട്ടാനുണ്ടായ കാലതാമസവുംമൂലം ഉദ്ദേശിച്ച ഫലം ഉണ്ടാകാതെ വരുന്നു. തുറമുഖ വകുപ്പിന്റെവക മണൽ ഇ-മണൽ സംവിധാനത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി പരിശോധിച്ച് വരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ അനധികൃത മണൽ ഖനനം തടയുന്നതിനുവേണ്ടി പോലീസും റവന്യൂവും മൈനിംഗ് ആന്റ് ജിയോളജി വകുപ്പും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2014-ൽ മാത്രം ഇത്തരം കേസുകളിൽ 365 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. മണൽ ലഭ്യതയെക്കുറിച്ചുള്ള പ്രശ്നം

കാസർഗോഡ് ജില്ലയിൽ മാത്രമല്ല ഉളളത്. നമ്മുടെ സംസ്ഥാനത്ത് അതിരൂക്ഷമായ പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. നമ്മുടെ നിർമ്മാണ മേഖലയിൽ അതിന്റേതായ തടസ്സങ്ങൾ പലതും ഉണ്ടായിക്കൊണ്ടിരിക്കുന്നു. മണൽ ലഭ്യത സുതാര്യതയോടുകൂടി നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തെക്കുറിച്ച് നിശ്ചയമായും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

<u>ഒ.ബി.സി.-യിൽ ഉൾപ്പെടുത്തൽ</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, കേരളത്തിലെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് മലബാർ, കൊച്ചി പ്രദേശങ്ങളിൽ താമസിക്കുന്ന ബോയൻ സമുദായം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരാണ്. എന്നാൽ ഇരിങ്ങാലക്കുടയിലെ കരുവന്നൂർ ഭാഗത്ത് ഇരുന്നൂറോളം ബോയൻ സമുദായങ്ങൾ അനേകവർഷങ്ങളായി താമസിക്കുന്നുണ്ട്. അവരെ ഒ.ബി.സി. വിഭാഗത്തിൽപ്പെടുത്തുന്നതിനുള്ള സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. ഈ ഭാഗത്തുതാമസിക്കുന്ന ബോയൻ സമുദായത്തിൽപ്പെട്ട അംഗങ്ങളെക്കൂടി ഒ.ബി.സി. വിഭാഗത്തിൽപ്പെടുത്തണം. ഇവർ അനേകം വർഷങ്ങൾക്കു മുമ്പ് തമിഴ്നാട്ടിൽ നിന്ന് വന്നവരാണ്. തമിഴ്നാട്ടിൽ നിന്ന് പല ഭാഗങ്ങളിലേയ്ക്ക് വന്നിട്ടുളള ഇവർ മണ്ണിൽ വളരെ ആഴത്തിൽ ജോലി ചെയ്യുന്നവരാണ്. പ്രത്യേകിച്ച് കിണർ കുഴിക്കൽ, തോട് വെട്ടുക, കുളം കുഴിക്കുക തുടങ്ങിയ വളരെ ഹാർഡ് ആയിട്ട് ജോലി ചെയ്യുന്ന ഒരു വിഭാഗമാണിത്. അങ്ങനെയൊരു വിഭാഗം ഇന്നും തമിഴ്നാട്ടിലുണ്ട്. അവരവിടെ ബാക്ക്വേർഡ് കമ്മ്യൂണിറ്റിയാണ്. കേരളത്തിൽ മലബാർ ഭാഗത്തും കൊച്ചിയിലും താമസിക്കുന്ന ഈ ബോയൻ സമുദായം ഒ.ബി.സി.-യുമാണ്. പക്ഷേ

കരുവന്നൂർ ഭാഗത്ത് താമസിക്കുന്ന ഈ സമുദായത്തെ മാത്രം ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് വിദ്യാഭ്യാസപരമായ കാര്യത്തിലായാലും, ഉദ്യോഗസ്ഥതലത്തിലായാലും അവർക്ക് വളരെ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. സംസ്ഥാനത്തെ ബാക്ക്‌വേർഡ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് വിചാരിച്ചാൽ ഇവരെക്കൂടി ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയും അവർക്ക് വിദ്യാഭ്യാസപരമായും ഉദ്യോഗസ്ഥപരമായും ആനുകൂല്യങ്ങൾ കിട്ടുന്നതിനുള്ള സാഹചര്യം ചെയ്തുകൊടുക്കാനും സാധിക്കും. ഇവരുടെ അവസ്ഥ വളരെ ദയനീയമാണ്. അതുകൊണ്ട് കരിമന്നൂർ ഭാഗത്തെ ആളുകളെക്കൂടി ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, കേരളത്തിലെ മലബാർ, കൊച്ചി ഭാഗങ്ങളിൽ താമസിക്കുന്ന ബോയൻ സമുദായങ്ങൾക്ക് വിദ്യാഭ്യാസം, ഉദ്യോഗ നിയമനം എന്നിവയ്ക്ക് നൽകുന്ന സംവരണാനുകൂല്യങ്ങൾ ഇരിങ്ങാലക്കുടയിലെ കരുവന്നൂർ പ്രദേശത്ത് താമസിക്കുന്ന ബോയൻ കുടുംബാംഗങ്ങൾക്കും നൽകണമെന്നും അവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തണമെന്നുമാണ് ബഹുമാനപ്പെട്ട മെമ്പർ തോമസ് ഉണ്ണിയാടൻ ഇവിടെ ആവശ്യപ്പെട്ടത്. കേരളത്തിൽ ബോയൻ സമുദായത്തെ രണ്ട് പട്ടികകളിലായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മലബാർ മേഖലകളിൽ ഒ.ബി.സി.-യിലും മലബാർ ഒഴികെയുള്ള പ്രദേശങ്ങളിൽ പട്ടികജാതി ലിസ്റ്റിലുമായാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 2002-ൽ പട്ടികജാതി

ലിസ്റ്റിൽ നിന്നും ബോയൻ സമുദായത്തെ ഒഴിവാക്കുകയുണ്ടായി. ഉദ്യോഗ നിയമനങ്ങളെ സംബന്ധിച്ച സംസ്ഥാന രൂപീകരണത്തിന് മുമ്പുള്ള മലബാർ ജില്ലയിലുൾപ്പെടുന്ന ബോയൻ സമുദായത്തെ ഒ.ബി.സി. ലിസ്റ്റിലെ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ (ഒ.ബി.എച്ച്.) ഉൾപ്പെടുത്തി സംവരണം നൽകുന്നതിനാണ് നിലവിൽ വ്യവസ്ഥയുള്ളത്. ഗഞ്ചൻ, റെഡ്ഡീസ്, വിശവൻ എന്നീ വിഭാഗങ്ങളെയും മുൻ മലബാർ ജില്ലയിൽ മാത്രമേ സംവ്വരണാനു കൂല്യത്തിന് പരിഗണിക്കുന്നുള്ളൂ. എന്നാൽ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവു പ്രകാരം എസ്.സി.ബി.സി. ലിസ്റ്റിൽ മറ്റു പിന്നോക്ക ഹിന്ദുക്കൾ എന്ന വിഭാഗത്തിൽ എട്ടാമതായി ബോയൻ സമുദായത്തെ പ്രാദേശിക വ്യത്യാസമില്ലാതെ വിദ്യാഭ്യാസ സംവരണം ലഭിക്കുന്നതിന് ഉൾപ്പെടുത്തി യിട്ടുണ്ട്. മുൻ മലബാർ ജില്ല ഒഴികെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ബോയൻ സമുദായങ്ങളെയും പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണം നൽകണമെന്ന ആവശ്യം ഇപ്പോൾ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്. പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് അനുഭാവപൂർവ്വം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന താണ്.

## പുനരധിവാസ പാക്കേജ്

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഗവൺമെന്റിന്റെ മദ്യ നയത്തിന്റെ ഫലമായി മൂന്ന് മാസത്തിനകം 5 തൊഴിലാളികൾ ആത്മഹത്യ ചെയ്തു. അതിൽ ഉണ്ണികൃഷ്ണൻ, കൈരളി ടൂറിസ്റ്റ് ഹോം, കൊടുങ്ങല്ലൂർ, 50 വയസ്സ്.

ഭാര്യയും രണ്ട് പെൺകുട്ടികളും അനാഥരായി. ദേവസ്യ തൃശ്ശൂർ, ഹോട്ടൽ സീലാർഡ്, 3 പെൺകുട്ടികളുടെ പിതാവാണ്, 3 പെൺകുട്ടികളും ഭാര്യയും അനാഥരായി. ജോയി, 56 വയസ്സ്, ഹോട്ടൽ സിംല, തൃശ്ശൂർ ജില്ലയാണ്, ഭാര്യയും ഒരു കുട്ടിയും അനാഥരായി. സുധാകരൻ, ക്യൂൻസ് ഹോട്ടൽ, കോഴിക്കോട്, 51 വയസ്സാണ്, ഭാര്യയും രണ്ട് കുട്ടികളും അനാഥരായി. ഈ കഴിഞ്ഞ ദിവസം ചങ്ങനാശ്ശേരിയിലെ പ്രസിഡൻസി ഹോട്ടലിലെ ജഗദീഷ് ആത്മഹത്യ ചെയ്തു, ഭാര്യയും രണ്ട് മക്കളും അനാഥരായി. ഇങ്ങനെ അനാഥരുടെ എണ്ണവും ആത്മഹത്യകളുടെ എണ്ണവും വർദ്ധിക്കുകയാണ്. ഗവൺമെന്റിന്റെ നയത്തിന്റെ അപാകതയാണ് അതിന് കാരണമായിട്ടുള്ളത്. ഗവൺമെന്റ് 418 ബാറുകൾ അനിശ്ചിതമായി അടയ്ക്കുകയോ തുറക്കുകയോ ചെയ്യുന്നത് ഗവൺമെന്റിന്റെ കാര്യമാണ്. ഗവൺമെന്റ് ചർച്ചചെയ്ത് ആവശ്യമായ തീരുമാനം എടുക്കട്ടെ. പക്ഷേ ഗവൺമെന്റ് നയത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ടവരെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കണം. അതിന് എക്സൈസ് ഡിപ്പാർട്ടുമെന്റും ലേബർ ഡിപ്പാർട്ടുമെന്റുംകൂടി തൊഴിലാളികളുടെ ലിസ്റ്റ് പ്രിപ്പയർ ചെയ്യണം. അതുപോലെത്തന്നെ മരിച്ച കുടുംബങ്ങളുടെ അനാഥർക്ക്/അവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം ഗവൺമെന്റ് കൊടുക്കണം. പട്ടിണിയും ദുരിതവുമായി കഴിയുന്നവരാണ്. മൂന്നരമാസം ആകുന്നു. ഇതിനകം ഒരു പരിഹാരവും കണ്ടിട്ടില്ല. എത്രയും പെട്ടെന്ന് പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് സന്നദ്ധമാകണം. കർഷക ആത്മഹത്യ പോലെ ഹോട്ടൽ തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നൊരു സ്ഥിതിയിലേയ്ക്ക്

പോവുകയാണ്. അങ്ങേയറ്റം ദുരിതപൂർണ്ണമായ ജീവിതമാണ് പതിനായിരക്ക ണക്കിന് തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ളത്. ഇത് ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കരുത്. അടിയന്തരമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബാർ ഹോട്ടലുകളിലെ തൊഴിലാളികൾ ആത്മഹത്യ ചെയ്തു എന്നുള്ളത് അങ്ങേയറ്റം ദു:ഖകരമായ ഒരു കാര്യമാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച ദു:ഖത്തോട് പങ്ക് ചേരാനാണ് ഗവൺമെന്റിനും താൽപര്യം. എന്നാൽ ബാർ ഹോട്ടലുകളെ സംബന്ധിച്ചിടത്തോളം നയപരമായ ഒരു തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ല. നയപരമായൊരു തീരുമാനം അന്തിമമായി സ്വീകരിക്കാത്തതു കൊണ്ട് ഇപ്പോൾ മറ്റു കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല. ആയിരക്കണക്കിന് തൊഴിലാളികളുടെ പ്രശ്നം അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ ഗുരുതരമായ പ്രശ്നമാണ്. അത് ഗുരുതരമാണെന്നുള്ള കാര്യത്തിൽ സംശയവുമില്ല. എന്നാൽ ഈ കാര്യത്തിൽ ഡയറക്ട് ആയി ഗവൺമെന്റിന് സാങ്കേതിക അർത്ഥത്തിൽ ബാദ്ധ്യതയില്ല. കാരണം ഇത് സാങ്കേതികമായി ഗവൺമെന്റുമായി നേരിട്ട് ബന്ധമുള്ള തൊഴിലാളികളല്ല. എന്നാൽ അവരുടെ പ്രശ്നം വളരെ ഗുരുതരമാണ്. ഏതായാലും അന്തിമമായ തീരുമാനം സ്വീകരി ക്കാത്ത സാഹചര്യത്തിൽ ഈ തൊഴിലാളികൾക്ക് പുനരധിവാസം നൽകു ന്നതിനെ സംബന്ധിച്ചോ മറ്റ് കാര്യങ്ങളെക്കുറിച്ചോ ഇപ്പോൾ ആലോചിച്ചിട്ടില്ല. ഇക്കാര്യത്തിൽ അന്തിമമായ തീരുമാനം ഉണ്ടായതിനു ശേഷം മറ്റു കാര്യങ്ങ ളെക്കുറിച്ച് ചർച്ച ചെയ്യാൻ സാധിക്കും. ഇപ്പോൾ ആ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല.

## പോള ശല്യത്തിന് ശാശ്വത പരിഹാരം

ശ്രീ. എ. എം. ആരിഫ്: സർ, ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന ആയിരക്കണക്കിന് മത്സ്യബന്ധന തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ നിർവ്വാഹമില്ലാതെ നിരന്തരം പട്ടിണിയിലേയ്ക്ക് തള്ളിവിടുന്ന സ്ഥിതിയാണ് കായലുകളിലും മറ്റുമുള്ള പോള ശല്യം. ഇതൊരു വലിയ പാരിസ്ഥിതിക പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് രൂപ മുടക്കി സ്ഥാപിച്ചിട്ടുള്ള ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ഊമിക്കുറ്റികളും പോളശല്യം നിമിത്തം നശിച്ചു പോകുകയാണ്. കായലിൽ വള്ളം ഇറക്കാൻ നിർവ്വാഹമില്ല. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ എന്ന ഏജൻസി വഴിയാണ് പോള താൽക്കാലികമായി മാറ്റിയിരുന്നത്. ഇപ്പോൾ അതിന്റെ പ്രവർത്തനവും ഏതാണ്ട് നിലയ്ക്കാൻ പോകുന്നു എന്നാണ് കേൾക്കുന്നത്. ഒരു താൽക്കാലിക പരിഹാരംകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല. പോള വാരിയെടുത്ത് ചിറയിൽ എവിടെയെങ്കിലും വയ്ക്കും. പിന്നെയും അതിന്റെ വിത്തുകൾ വീഴുകയും വീണ്ടും പോള വർദ്ധിക്കുന്ന സ്ഥിതിയുമാണുള്ളത്. പൊതുവെ കായൽ കയ്യേറ്റവും കായൽ മലിനീകരണം നിമിത്തവും മറ്റ് പല കാരണങ്ങളാലും കായലിൽ മത്സ്യസമ്പത്ത് കുറയുന്നു. മത്സ്യത്തൊഴിലാളികൾ പട്ടിണിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുമ്പോഴാണ് ഉള്ള മത്സ്യസമ്പത്തു പോലും പിടിക്കാൻ കഴിയാത്ത നിലയിൽ പോള ശല്യം വർദ്ധിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പോളയുടെ വിത്ത് വളരാതിരിക്കാൻ കഴിയുന്ന ഏതെങ്കിലും ജൈവ–കീടനാശിനികളോ, അത്തരത്തിലുള്ള ഏതെങ്കിലും സംവിധാനം ഉപയോഗിച്ചോ, അല്ലെങ്കിൽ വാരുന്ന പോള

ഉപയോഗിച്ച് പ്ലൈവുഡ് നിർമ്മിക്കുകയോ, പേപ്പറോ മറ്റെന്തെങ്കിലും ഉണ്ടാക്കാനുള്ള അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന തരത്തിലേയ്ക്കോ കൊണ്ടുവരണം. വ്യവസായ വകുപ്പിലോ കൃഷി വകുപ്പിലോ യാതൊരു ഗവേഷണവും ഈ രംഗത്ത് നടത്തുന്നില്ല. ബാഗും അതുപോലുള്ള ചെറിയ സാധനങ്ങളും ഇതുപയോഗിച്ച് ഉണ്ടാക്കാൻ സാധിക്കുമെന്ന് നേരത്തെ കാണിച്ചിരുന്നു. അത് ഫലപ്രദമായി നടക്കുന്നില്ല. ഫലത്തിൽ, പോള ശല്യം കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ സാധിക്കാത്തതിനാൽ ഉപജീവനം നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇതൊരു ഗൗരവമായ പ്രശ്നമായി കണ്ടുകൊണ്ട് ഇതെങ്ങനെ ശാശ്വതമായി പരിഹരിക്കാൻ കഴിയുമെന്നുള്ള സംവിധാനം ഏതെങ്കിലും തരത്തിലുള്ള ഗവേഷണ ഏജൻസികളെ ചുമതലപ്പെടുത്തി നടപ്പിൽ വരുത്താനുള്ള നടപടി സ്വീകരിക്കണം. അതുവരെ ഫിർമയുടെ പ്രവർത്തനം മുടക്കംവരുത്താതെ ഫലപ്രദമായി പ്രവർത്തിപ്പിക്കാനാവശ്യമായ ഇടപെടൽ സർക്കാർ നടത്തണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ജലാശയങ്ങളിലെ പോള നീക്കം ചെയ്യുന്നതിന് ഒരു പദ്ധതി സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി നടപ്പിലാക്കി വരുന്നുണ്ടായിരുന്നു. കായലുകളിലെ പോള യന്ത്രസഹായത്തോടെ നീക്കം ചെയ്യുകയും, പോള ഉപയോഗിച്ച് വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് എന്നിവ ഉണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതിയുടെ ആകെ അടങ്കൽ തുക 21.291 കോടി രൂപയാണ്. ഇതിൽ 17.815 കോടി രൂപ യന്ത്രസഹായത്തോടെ പോള നീക്കം ചെയ്യുന്നതിനും, 3.476 കോടി രൂപ മറ്റു

പ്രവൃത്തികൾക്കുമായിരുന്നു വകയിരിത്തിയിരുന്നത്. 20-04-2010-ൽ പോള നീക്കം ചെയ്യുന്നതിന് ഫിർമ ടെണ്ടർ ക്ഷണിക്കുകയുണ്ടായി, ടെണ്ടർ കാലാവധി തീർന്നതിനുശേഷവും ജോലി തുടരുന്നതിനാലും മറ്റു സാങ്കേതിക കാരണങ്ങളാലും പ്രസ്തുത ടെണ്ടർ അവസാനിപ്പിക്കുവാനും, പുതിയ ടെണ്ടർ ക്ഷണിക്കുവാനും തീരുമാനിക്കുകയും പുതിയ ടെണ്ടർ ക്ഷണിച്ച് 21-06-2013-ാം തീയതി ജോലി പുനരാരംഭിക്കുകയും ചെയ്തു. അരൂർ നിയോജകമണ്ഡലത്തിലെ ചുറ്റുമുള്ള കായലുകളിലെ പോള ശല്യംമൂലം മത്സ്യത്തൊഴിലാളികൾക്കും, പൊതുജനങ്ങൾക്കും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ കായലുകളിലെ പോള നീക്കം ചെയ്യുന്നതിന് ശ്രമങ്ങൾ നടത്തുകയും ചെയ്തു. അരൂർ നിയോജകമണ്ഡലത്തിലെ അരൂക്കുറ്റിപ്പാലം, അരൂർമുക്കം, കടപ്പുറം, തൈയ്ക്കാട്ടുശ്ശേരിഫെറി എന്നിവിടങ്ങളിലെ കായലുകളിൽ നിന്ന് 2013 നവംബർ 27 മുതൽ 2014 ഫെബ്രുവരി 3 വരെ വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ ഉപയോഗിച്ച് പോള നീക്കം ചെയ്യുകയുണ്ടായി. അത് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്ന കാര്യമാണ്. പോള വാരൽ കരാറിന്റെ കാലാവധി 20-06-2014-ന് അവസാനിച്ചു, അതുകൊണ്ട് പോളവാരൽ താൽക്കാലി കമായി നിർത്തിവച്ചിരിക്കുന്നു എന്നതാണ് പ്രശ്നം. പോളവാരൽ നടപ്പാക്കു ന്നതിനായി പുതിയ പദ്ധതി തയ്യാറാക്കി രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഫണ്ട് ലഭിക്കുന്നതിനായി ഫിർമ പ്രോജക്ട് സമർപ്പിച്ചുവെങ്കിലും, ഒരിക്കൽ ഫണ്ട് അനുവദിച്ച പദ്ധതിക്ക് വീണ്ടും ഫണ്ട് അനുവദിക്കുവാൻ സാധിക്കുകയില്ല എന്ന് ആർ.കെ.വി.വൈ.-യുടെ നോഡൽ സെല്ലായ പി.പി.എം. വകുപ്പ് ഫിർമയെ അറിയിച്ചിരിക്കുകയാണ്. പദ്ധതിക്ക് ആവശ്യ

മായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരികയാണ്. ടെണ്ടർ കാലാവധി അവസാനിച്ചതുകൊണ്ടും ഫണ്ടിന്റെ അപരാപ്തതമൂലവും വർക്ക് തുടരാൻ സാധിച്ചിട്ടില്ല. ഫണ്ട് കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. പോള ഉപയോഗിച്ച് മറ്റുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചു. അതിനെ സംബന്ധിച്ച് വിശദമായ പഠന ഗവേഷ ണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്, ഇപ്പോൾ ആ രീതിയിൽ മുന്നോട്ടു പോയിട്ടില്ല.

## റെഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ മണ്ഡലത്തിലെ എടവണ്ണ, പന്നിപ്പാറ, പള്ളിമുക്ക് എന്നീ സ്ഥലങ്ങളിൽ ചാലിയാറിനു കുറുകെ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി 2012 ഫെബ്രുവരി മാസം 24-ാം തീയതി എന്റെ നിയോജകമണ്ഡലത്തിൽ വന്നപ്പോൾ അവിടെ ഒരു മീറ്റിംഗിൽ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സർവ്വേയും, എസ്റ്റിമേറ്റുമൊക്കെ തയ്യാറാക്കി ഐ.ഡി.അർ.ബി ചീഫ് എഞ്ചിനീയർക്ക് ഡിസൈൻ തയ്യാറാക്കുന്നതിന് നൽകിയിരുന്നു. ഒരു റിവ്യൂ എന്ന നിലയ്ക്ക് 2013 സെപ്റ്റംബർ 4-ാം തീയതി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയപ്പോൾ 2 മാസം കൊണ്ട് അതിന്റെ ഡിസൈൻ തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുമെന്ന് പറഞ്ഞിരുന്നു. നാളിതു വരെ അതിന്റെ പ്രവർത്തനം എവിടേയും എത്തിയിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ചാലിയാറിനു കുറുകെ എടവണ്ണ, പന്നിപ്പാറ, പള്ളിമുക്ക്

ഭാഗത്തായി റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിൽ പന്നിപ്പാറ, പള്ളിമുക്കിൽ ചാലിയാറിനു കുറുകെ ഒരു വിയർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നു. ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.അർ.ബി ചീഫ് എഞ്ചിനീയർക്ക് നൽകുകയും പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതാണ് അനുയോജ്യമെന്ന് കണ്ടെത്തുകയും ചെയ്തു. 15-3-2014-ൽ ഇതിനുസരിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് ഡിസൈൻ-ചീഫ് എഞ്ചിനീയർക്ക് ലഭിക്കുകയും അതുപ്രകാരം ഡിസൈൻ തയ്യാറാക്കി വരികയുമാണ്. എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്, അത് ഏറ്റവും വേഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## ആദിവാസി യുവാവിന്റെ മരണം

ശ്രീ. കെ. രാജു: സർ, ഇന്നലത്തെ എല്ലാ ദിനപത്രങ്ങളിലും അച്ചടിച്ചു വന്ന ഒരു വാർത്തയുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആദിവാസി യുവാവ് ചികിത്സ കിട്ടാതെ മരിച്ചു. ചിത്രം സഹിതമാണ് വാർത്ത അച്ചടിച്ചു വന്നത്. അച്ചൻകോവിലിൽ ചികിത്സാ സൗകര്യം ഇല്ലാത്തതുമൂലം ആദിവാസി യുവാവ് മരിച്ച സംഭവമാണ്. മിനിഞ്ഞാന്ന് ഈ ആദിവാസി യുവാവിനെ പനിയും അതിനെത്തുടർന്ന്

നെഞ്ച് വേദനയും അനുഭവപ്പെട്ടതുകൊണ്ട് അച്ചൻകോവിലിൽ നിന്ന് പുനലൂർ താലൂക്ക് ആശുപത്രിയിലേയ്ക്ക് കൊണ്ടുവന്നു, പക്ഷെ ജീപ്പിൽ കൊണ്ടുവരുന്ന വഴിക്ക് തന്നെ യുവാവ് മരിച്ചു. അതുകൊണ്ട് പോസ്റ്റുമോർട്ടം ചെയ്യുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൊണ്ടുവരേണ്ടി വന്നു. ഇത് ഒരു സ്ഥിരം സംഭവമായി മാറിയിരിക്കുകയാണ്. പുനലൂർ താലൂക്ക് ആശുപത്രിയും ആദിവാസികൾ തിങ്ങിപ്പാർക്കുന്ന മേഖലയായ അച്ചൻകോവിൽ, ആര്യങ്കാവ് പ്രദേശവും തമ്മിൽ 70 കിലോമീറ്റർ ദൂരമുണ്ട്. ഇതുപോലെയുള്ള സീരിയസ്സായ അസുഖം വന്നാൽ അവരെ താലൂക്ക് ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സമയം, വാഹനത്തിന്റെ സൗകര്യമില്ലായ്മ ഇതൊക്കെ വലിയ പ്രശ്നമായി തീരുന്നുണ്ട്. ഞാൻ പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നത്, പട്ടികവർഗ്ഗ വികസന വകുപ്പിന്റേതായി ഒരു ആംബുലൻസ് അച്ചൻകോവിൽ പി.എച്ച്. സെന്ററിലോ, പട്ടികവർഗ്ഗ എക്സ്റ്റഷൻ ഓഫീസിലോ ആരംഭിക്കണം. ആംബുലൻസ് ഇല്ലാ ത്തതുകൊണ്ട് പുനലൂരിൽ നിന്ന് ആംബുലൻസ് അച്ചൻകോവിലിൽ എത്തുന്നതിന് രണ്ടര മണിക്കൂർ സമയമെടുക്കും, പിന്നീട് രോഗിയെ പുനലൂരിൽ എത്തിക്കുമ്പോൾ രോഗി കഥാവശേഷമാകുന്ന സ്ഥിതി യാണുള്ളത്. ഈ മരിച്ചയാൾ യുവാവാണ്, അദ്ദേഹത്തിന് ഭാര്യയുണ്ട്, രണ്ട് മക്കളുണ്ട്. ഈ മരണത്തോടുകൂടി ആ കുടുംബം അനാഥമായിരിക്കുകയാണ്. ചികിത്സ കിട്ടാതെ മരിക്കാനിടയായ സാഹചര്യം കണക്കിലെടുത്ത് ഗവൺമെന്റ് ആ കുടുംബത്തിനെ സംരക്ഷിക്കുന്നതിനാവശ്യമായ ധനസഹായം നൽകാൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി. പി. കെ. ജയലക്ഷ്മി): സർ, പുനലൂർ മണ്ഡലത്തിലെ അച്ചൻകോവിൽ നിവാസിയായ രാജു എന്ന യുവാവിനെ ദേഹാസ്വാസ്ഥ്യത്തിന് ചികിത്സിക്കുന്നതിനായി 7-7-2014-ന് പുലർച്ചേ 5 മണിക്ക് അച്ചൻകോവിൽ ഹോളീക്രോസ്സ് കോൺവെന്റിൽ എത്തിക്കുകയും അവിടെ ഡോക്ടറോ, നഴ്സോ ആരുമില്ലാത്തതിനാൽ വീട്ടിലേയ്ക്ക് മടങ്ങുകയും ചെയ്തു. 8-7-2014-ന് പുലർച്ചേ 5.30-ന് നെഞ്ചുവേദന അനുഭവപ്പെട്ടപ്പോൾ യുവാവിനെ അച്ചൻകോവിൽ പ്രൈമറി ഹെൽത്ത് സെന്ററിലും, ഒരു സ്വകാര്യ ക്ലിനിക്കിലും എത്തിച്ചുവെങ്കിലും അവിടേയും ഡോക്ടറോ, മതിയായ ചികിത്സാസൗകര്യങ്ങളോ ഇല്ലായിരുന്നതിനാൽ പ്രദേശത്തുള്ള ഒരു നാട്ടു വൈദ്യനെ സമീപിക്കുകയും, വൈദ്യൻ നൽകിയ ഇൻജക്ഷനെത്തുടർന്ന് രാജുവിന് കഠിനമായ വേദന അനുഭവപ്പെടുകയും തുടർന്ന് പുനലൂർ താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോകാൻ തീരുമാനിക്കുകയും ചെയ്തു. ആശുപത്രിയിലേയ്ക്കുള്ള യാത്രാമദ്ധ്യേ ടിയാൻ മരണപ്പെടുകയാണ് ഉണ്ടായത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച, അച്ചൻകോവിലിലെ സാഹചര്യം നമുക്കറിയാവുന്നതുകൊണ്ട് അവർക്ക് പ്രത്യേകമായി ഒരു ആംബുലൻസ് അനുവദിക്കും. മരണപ്പെട്ട രാജുവിന്റെ കുടുംബത്തിന് സാമ്പത്തിക സഹായവും നൽകുന്നതാണ്.

പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ

ശ്രീ. സി. മോയിൻകുട്ടി: സർ, ഈ രാജ്യത്തിന്റെ ആത്മാവ് ഗ്രാമങ്ങളാണ് എന്ന മഹത്തായ സ്വപ്നം മഹാത്മജി പങ്കുവച്ചത് ഈ രാജ്യത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിലൂടെ യാണ്. അവരാണ് അതിന് നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുള്ളത്. കൈപൊക്കി വോട്ടു ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. 1963 മുതൽ പഞ്ചായത്ത് മെമ്പർമാരായവരേയും കോർപ്പറേഷൻ–മുനിസിപ്പൽ കൗൺസിലർ ആയിട്ടുള്ള ആളുകളേയും ഓർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവരിൽ പലരും മരണപ്പെടുകയും, അല്ലാത്തവർ രോഗശയ്യയിലും, അവശതയിലുമാണ്. ഒരു തുള്ളി മരുന്നിനോ, കഞ്ഞിക്കോ വകയില്ലാതെ പട്ടിണി പാവങ്ങളായിട്ടുള്ള നിരവധി ആളുകളെ എനിക്ക് നേരിട്ടറിയാം. ഇത്തരം ആളുകൾ ഇന്ന് വളരെയേറെ ദുരിതത്തിലാണ്. ഈ സഭ ഒന്നടങ്കം, രണ്ട് ഭാഗത്തുമുള്ള ആളുകൾ ഇത് സംബന്ധിച്ച ഐക്യദാർഢ്യം പറഞ്ഞിട്ടുള്ളതാണ്. ഒരു വരുമാനവുമില്ലാത്ത കാലത്താണ് ഇവർ ജനങ്ങളെ സേവിച്ചിട്ടുള്ളത്. നിത്യവൃത്തിക്കുപോലും വകയില്ലാത്ത ഈ പാവങ്ങളോട് സഭയിലെ ഇരു വിഭാഗവും പൂർണ്ണമായ സഹകരണത്തോടെ ഈ ആളുകളെ പ്രത്യേകമായി പരിഗണിക്കണമെന്ന് സഭയിൽ പലപ്രാവശ്യം ആവശ്യപ്പെട്ടതാണ്. ഈ വിഷയത്തെ ഗൗരവമായി കാണണം. യാതൊരു വരുമാനവുമില്ലാതെ പോക്കറ്റിൽ നിന്ന് കാശെടുത്ത് കുടിവെള്ളമെത്തിച്ചവർ, റോഡ് വെട്ടിയ ആളുകൾ, ഇവരൊക്കെ നമ്മുടെ മുന്നിലുണ്ട്. ഈ സഭയിൽ മെമ്പറായിട്ടുള്ള അളുകളിൽ പലരും, ഞാനുൾപ്പെടെ പഞ്ചായത്ത് പ്രസിഡന്റായും, മെമ്പർമാരുമായി ദീർഘകാലം ഈ രംഗത്ത്

സേവനമനുഷ്ഠിച്ചവരാണ്. ഇവർക്ക് പെൻഷൻ നൽകുന്ന കാര്യം വളരെ ഗൗരവമായി കാണണം. ഈ ഗവൺമെന്റിന്റെ മുഖമുദ്ര തന്നെ കണ്ണുനീരൊലിക്കുന്നവന്റെ കണ്ണുനീർ തുള്ളികൾ ഒപ്പുന്നതിനുവേണ്ടിയുള്ള പാരമ്പര്യമാണ്. നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിയ ഗവൺമെന്റാണ്, അതുകൊണ്ടുതന്നെ ഈ പാവങ്ങൾക്ക്, മറ്റൊരു പെൻഷനുമില്ലാത്ത ആളുകൾക്ക്, പഞ്ചായത്ത് പ്രസിഡന്റുമാർക്ക് 1,500 രൂപയും, മെമ്പർമാർക്ക് 1,000 രൂപയെങ്കിലും, നാമമാത്രമായ തുക നൽകുന്നതിനുള്ള സത്വരമായ നടപടി ഉണ്ടാകണം. ഇത് സംബന്ധിച്ച് ഒരു കാലതാമസവും വച്ച് പൊറുപ്പിച്ചുകൂടാ. ഒരു കാരണവശാലും നീട്ടിക്കൊണ്ടുപോകാതെ ഈ പാവങ്ങൾക്ക് ഒരു നേരത്തെ കഞ്ഞിക്കുള്ള തുക, ഒരു തുള്ളി മരുന്നിന് ഉള്ള സഹായമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ഈ സബ്മിഷൻ.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ കാര്യം വളരെ ഗൗരവമായി ഈ സർക്കാർ കാണുന്നു. അവർക്ക് ഐഡന്റിറ്റി കാർഡ് വേണമെന്ന് പറഞ്ഞു, ആ ഐഡന്റിറ്റി കാർഡ് നൽകാൻ തീരുമാനിക്കുകയും അതിന്റെ വിതരണം കോഴിക്കോട് ഒരു ചടങ്ങിൽ വച്ച് നിർവഹിക്കുകയും ചെയ്തു. അവർക്ക് ഇൻഷുറൻസ് നൽകുന്നതിന് സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും പ്രീമിയം അടച്ചുകൊടുക്കാമെന്നുള്ള ധാരണയിൽ ലേബർ ഡിപ്പാർട്ടുമെന്റുമായി ചേർന്നുകൊണ്ട് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിരിക്കുകയാണ്.

പെൻഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ, 60 വയസ്സു കഴിഞ്ഞ മറ്റൊരു പെൻഷനും ലഭിക്കാത്ത 5 വർഷം പൂർത്തിയാക്കിയ മുൻ ജനപ്രതിനിധി കൾക്ക്, 1,000 രൂപാനിരക്കിൽ പെൻഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതിന് വേണ്ടി മന്ത്രിസഭയുടെ മുന്നിലേയ്ക്ക് മുഖ്യമന്ത്രി ആ ഫയൽ സമർപ്പിച്ചിട്ടുണ്ട്. മന്ത്രിസഭാ തീരുമാനം വരുന്നതനുസരിച്ച് ഈ കാര്യത്തിൽ അന്തിമ തീരുമാനമെടുത്ത് ഉത്തരവിറക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

## കൊടകര-കുഴിക്കാണി പ്രദേശത്തെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിലെ 3, 4 വാർഡുകളോട് ചേർന്നുകിടക്കുന്നതും ഇപ്പോൾ മറ്റത്തൂർ പഞ്ചായത്തിലെ 19-ാം വാർഡിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കൊടകര-കുഴിക്കാണി പ്രദേശത്തെ, കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതി നായി കൊടകര-മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളുടെ തീരുമാനങ്ങളും അപേ ക്ഷയും ഇതിനനുകൂലമായ തൃശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. കൊടകര പഞ്ചായത്ത് ഓഫീ സിൽ നിന്നും ഒരു കിലോമീറ്റർ താഴെമാത്രം ദൂരത്തായും മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും ആറ് കിലോമീറ്റർ ദൂരത്തായും സ്ഥിതി ചെയ്യുന്ന കൊടകര ഗ്രാമപഞ്ചായത്തിന്റെ മൂന്ന്, നാല് വാർഡുകളിലേയ്ക്ക് ഇറങ്ങിക്കിടക്കുന്നതും ഭൂമിശാസ്ത്രപരമായി കൊടകര പഞ്ചായത്തിനോട് ചേരേണ്ടതുമായ ഈ പ്രദേശം വികസനമെത്താതെ ഒറ്റപ്പെട്ടുകിടക്കുന്ന അവ

സ്ഥയിലാണ്. മറ്റത്തൂർ പഞ്ചായത്തിന്റെ തെക്ക്-പടിഞ്ഞാറ് ഭാഗത്തുള്ള കുഴിക്കാണി തോടിനെ അതിർത്തിയായി കണക്കാക്കി കൊടകര-കുഴിക്കാണി പ്രദേശത്തെ എഴുപതിലധികം വരുന്ന കുടുംബങ്ങളുടെ സൗകര്യാർത്ഥവും അവരുടെ ദീർഘകാലത്തെ ആവശ്യവും കണക്കിലെടുത്ത് പ്രസ്തുത പ്രദേശത്തെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 4 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല. കൊടകര-മറ്റത്തൂർ പഞ്ചായത്തുകളിലെ നിലവിലെ ഭരണസമിതിയുടെ കാലാവധി 2015 ഒക്ടോബറിലാണ് അവസാനിക്കുന്നത്. ഈ സാഹചര്യത്തിൽ 2015-ൽ നടപ്പാക്കാനിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി ഈ വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## തസ്തിക സൃഷ്ടിച്ചതിലെ അപാകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, 2011-12 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ കുറേ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുകയുണ്ടായി. ഒരു കൊല്ലം കഴിഞ്ഞതിനുശേഷം 15-07-2013-ലാണ്

തസ്തിക സൃഷ്ടിച്ചത്. എന്നാൽ ആ ഉത്തരവിൽ എല്ലാ വിദ്യാലയങ്ങളിലും അർഹതപ്പെട്ട തസ്തികകൾ അനുവദിച്ചില്ല. അദ്ധ്യാപകരും സംഘടനകളും ദീർഘകാലമായി നിവേദനം നടത്തിയെങ്കിലും ഫലമുണ്ടായില്ല. അവസാന മായി 03-07-2014–ൽ ഒരു തിരുത്തൽ ഉത്തരവ് പുറത്തിറക്കുകയുണ്ടായി. അതിലും കാര്യങ്ങൾ ശരിയായിട്ടില്ല. ഒരേ വിദ്യാലയത്തിൽത്തന്നെ ഒരു വിഷയത്തിൽ അധിക തസ്തികയും മറ്റൊരു വിഷയത്തിൽ അർഹതപ്പെട്ട തസ്തികയും കൊടുക്കാതെ വന്നിരിക്കുകയാണ്. അനോമലി പരിഹരി ക്കാൻവേണ്ടി ഇറക്കിയ ഉത്തരവിലൂടെ അനോമലി പരിഹരിച്ചില്ലെന്ന് മാത്രമല്ല, വിവേചനമുണ്ടാക്കുകയുംകൂടി ചെയ്തിരിക്കുകയാണ്. പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. പുതിയ ബാച്ചുകൾ അനുവദിക്കുന്നതിന് മുമ്പെങ്കിലും രണ്ട് വർഷമായി ക്ലാസ് നടത്തിവരുന്ന ഇവരെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നപരിഹാരമുണ്ടാക്ക ണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 03-08-2012 –ലെ ജി.ഒ. (എം.എസ്) 167/11/പൊ.വി.വ. ഉത്തരവ് പ്രകാരം 2011-12 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കന്ററിയുടെ 550 അധിക ബാച്ചുകൾ അനുവദിക്കുകയുണ്ടായി. ഇതിൽ 368 അധിക ബാച്ചുകൾ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും അവശേഷിക്കുന്ന 182 ബാച്ചുകൾ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലുമായിരുന്നു. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 05-08-2013–ലെ ജി.ഒ.(എം.എസ്.) 226/13/പെ.വി.വ. നമ്പർ പ്രകാരം തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവുപുറപ്പെടുവിച്ചു.

എന്നാൽ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചത് 15-07-2013–ലെ ജി.ഒ.(എം.എസ്.) നം.211/13/പൊ.വി.വ. ഉത്തരവ് പ്രകാരമാണ്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അധികമായി സൃഷ്ടിച്ച ബാച്ചു കൾക്കായി 2011-12 അദ്ധ്യയന വർഷത്തേയ്ക്ക് എച്ച്.എസ്.എസ്.റ്റി/ എച്ച്. എസ്.എസ്.റ്റി (ജൂനിയർ)/ അപ്ഗ്രഡേഷൻ എന്നീ വിഭാഗങ്ങളിലായി ആകെ 1009 അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയുണ്ടായി. 2012-13 അദ്ധ്യയന വർഷ ത്തേയ്ക്ക് 1438 തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 2012 ഡിസംബർ മാസത്തിലും 2013 ജനുവരി മാസത്തിലും വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസലിന്മേൽ 2011-12 അദ്ധ്യയന വർഷത്തേയ്ക്ക് എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി.(ജൂനിയർ)/അപ്ഗ്രഡേഷൻ എന്നിവ ഉൾപ്പെടെ 855 തസ്തികകളും 2012-13 അദ്ധ്യയന വർഷത്തേക്കായി മേൽ വിവരിച്ച വിഭാഗങ്ങളിലേയ്ക്കായി 1203 അദ്ധ്യാപക തസ്തികകളും അനുവദി ച്ചു. ടി തസ്തികകൾ അനുവദിച്ചത് ധനകാര്യവകുപ്പിന്റെ വ്യക്തമായ ശുപാർശയുടെയും മന്ത്രിസഭാ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ്. എന്നാൽ തുടർന്നുള്ള വിശദമായ പരിശോധനയിൽ 2011-12 അദ്ധ്യയന വർഷത്തേയ്ക്ക് എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)/അപ്ഗ്ര ഡേഷൻ എന്നീ വിഭാഗങ്ങളിൽ പുതുതായി 140 തസ്തികകൾ കൂടി അനുവദി ക്കേണ്ടതുണ്ടെന്നും അതേസമയം ആ വർഷത്തേയ്ക്ക് മേൽവിഭാഗത്തിൽ തെറ്റായി അനുവദിച്ച മുപ്പതോളം തസ്തികകൾ റദ്ദാക്കപ്പെടേണ്ടതാണെന്നും കാണുകയുണ്ടായി. അതോടൊപ്പം 2012-13 വർഷത്തേയ്ക്ക് 238 തസ്തിക കൾ അധികമായി സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്നും ആ വർഷം അനുവദിച്ച

തിൽ 44 തസ്തികകൾ ആവശ്യമില്ലാത്തതാണെന്നും കാണുകയുണ്ടായി. എന്നാൽ എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)/ അപ്ഗ്രഡേഷൻ എന്നീ വിഭാഗങ്ങളിലായി തെറ്റായി അനുവദിച്ച നിലവിലെ 68 അദ്ധ്യാപക തസ്തികകൾ നിറുത്തലാക്കാനും മേൽ വിഭാഗങ്ങളിലായി 101 തസ്തികകൾ പുതുതായി അനുവദിക്കുവാനുമാണ് ധനകാര്യ വകുപ്പ് ശുപാർശ ചെയ്തത്. ഭരണ വകുപ്പ് ശുപാർശ ചെയ്തിരുന്ന ബാക്കി തസ്തികകൾ 3 പിരീയഡിന് ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) എന്ന കണക്കിൽ തസ്തിക അനുവദിക്കാൻ സാധിക്കില്ലെന്ന് ധനകാര്യ വകുപ്പ് അറിയിക്കുകയും തദടിസ്ഥാനത്തിൽ മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി തസ്തിക നിറുത്തലാക്കിയും പുതുതായി സൃഷ്ടിച്ചുകൊണ്ടും 03-07-2014–ലെ ജി.ഒ.(എം.എസ്.) 121/14/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. എന്നിരിക്കിലും മേൽപ്രകാരം ഉത്തരവായ തസ്തികകളുടെ എണ്ണത്തിലും മറ്റും അപാകതകൾ കടന്ന് കൂടിയിട്ടുണ്ടോയെന്ന കാര്യം സർക്കാർ വീണ്ടും പരിശോധിക്കുന്നതും അർഹതപ്പെട്ട തസ്തികകൾ ഏതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ നിലവിലുള്ള ചട്ടങ്ങൾപ്രകാരവും സർക്കാർ ഉത്തരവ് പ്രകാരവും അവ അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

## സ്കൂളിന്റെ സ്ഥലം കൈമാറ്റം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കുളത്തുപ്പുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഇട്ടിവ, അലയമൺ പഞ്ചായത്തുകളിൽ കുടിവെള്ളം കിട്ടുന്നതിനായി ഒരു ടാങ്ക് നിർമ്മിക്കുന്നതിന് ഇട്ടിവ പഞ്ചായത്ത് എന്റെ കത്തുകൂടി വച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു നിവേദനം നൽകിയിട്ടുള്ളതാണ്.

വയല ഹയർ സെക്കന്ററി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്ന് ടാങ്ക് നിർമ്മിക്കാൻ അഞ്ച് സെന്റ് ഭൂമി വിട്ടുകൊടുക്കുന്നതിന് ജില്ലാപഞ്ചായത്തുൾപ്പെടെ കൊല്ലം ഡി.ഡി. യുടെ അനുവാദവും നൽകിയിട്ടുള്ളതാണ്. അത് ക്യാബിനറ്റിൽ വച്ച് പ്രസ്തുത കുടിവെള്ള പദ്ധതിക്കായി ടാങ്ക് നിർമ്മിക്കുന്നതിന് അഞ്ച് സെന്റ് സ്ഥലം അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വയല ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും അഞ്ച് സെന്റ് സ്ഥലം കുടിവെള്ള സംഭരണി കെട്ടുന്നതിന് അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തുകയും ജലസംഭരണി നിർമ്മിക്കുന്നതുകൊണ്ട് സ്കൂളിന്റെ മറ്റ് പ്രവർത്തനങ്ങളെ യാതൊരു തരത്തിലും ദോഷകരമായി ബാധിക്കുകയില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്കൂൾ പി.റ്റി.എ.-യും ജലസംഭരണിക്കായി ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കൂളിന്റെ കൈവശമുള്ള സ്ഥലത്തുനിന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിൽക്കുന്നതായിരിക്കുമെന്ന വ്യവസ്ഥയിൽ അഞ്ച് സെന്റ് സ്ഥലം കുടിവെള്ള സംഭരണി നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## സ്ഥിര നിയമനം

ശ്രീ. കെ. എൻ. എ ഖാദർ: സർ, ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഇപ്പോൾ ജോലി ചെയ്യുന്നവരിൽ ഭൂരിപക്ഷവും സർവ്വകലാശാലകളിൽ നിന്നും മറ്റുമായി ഡെപ്യൂട്ടേഷനിൽ വന്നവരാണ്. പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ തസ്തികകളിൽ യു.ജി.സി. സ്കെയിൽ ശമ്പളം വാങ്ങുന്നവരിൽ പലരും ഈ ഡയറക്ടറേറ്റിൽ സസുഖം കഴിയുകയാണ്. അവരൊക്കെത്തന്നെ 75,000–1,00,000 രൂപ വരെ പ്രതിഫലം കൈപ്പറ്റുന്നവരു മാണ്. ഇവരുടെ ശമ്പളത്തിനും പെൻഷനും മറ്റുമായി വൻ തുകകൾ നൽകു ന്നത് ഹയർ സെക്കന്ററി ഡിപ്പാർട്ടുമെന്റാണ്. ആവശ്യത്തിന് സ്ഥിരം തസ്തിക കളിൽ പി.എസ്.സി.വഴി നിയമനം നൽകിയാൽ ഈ ശമ്പളബാദ്ധ്യതകൊണ്ടു തന്നെ ആവശ്യമായത്ര ജീവനക്കാരെ ഈ ഡയറക്ടറേറ്റിലും ആർ.ഡി.ഡി. ഓഫീസുകളിലും നിയമിക്കാൻ കഴിയും. ഇപ്പോൾ ആവശ്യത്തിന് ആളുമില്ല കാര്യമായ ജോലി സമയബന്ധിതമായി നടക്കുന്നുമില്ല. ശമ്പളയിനത്തിലുള്ള ചെലവിന് യാതൊരു കുറവുമില്ല. ആറ് ആർ.ഡി.ഡി. ഓഫീസുകളിൽ ആകെ 48 പേർ മാത്രമേ ഇപ്പോൾ ജോലിക്കുള്ളൂ. ഈ വകുപ്പിന് മാത്രമായി അഡ്മി നിസ്ട്രേറ്റീവ് റൂൾസ് ഇതുവരെ ഉണ്ടാക്കിയിട്ടില്ലാത്തതും ഇതിനൊക്കെ ഒരു ന്യായീകരണമാക്കുന്നു. വ്യക്തമായ ചട്ടങ്ങൾ ഉടൻ നിലവിൽ വരണം. ഇതൊക്കെ ആരോ ബോധപൂർവ്വം ചെയ്യുന്നതാണ്. ഈ അവസ്ഥ മാറ്റി, ഡയറ ക്ടറേറ്റിലും ആർ.ഡി.ഡി. ഓഫീസുകളിലും ആവശ്യമായത്ര സ്ഥിരം തസ്തി കകളിൽ ജീവനക്കാരെ നിയമിക്കുകയും ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കു കയും ചെയ്യണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കായി സമർപ്പിക്കു കയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, ദേശീയ വിദ്യാഭ്യാസ നയത്തിനനുസൃതമായി പ്രീ–ഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തുന്നതിനും സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിനുമുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ 1991–ൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് രൂപീകരിക്കുകയു ണ്ടായി. പ്രീഡിഗ്രി കോളേജുകളിൽനിന്നും വേർപെടുത്തിയതിനാൽ യൂണിവേഴ്സിറ്റികളിലെ ഉദ്യോഗസ്ഥരെ അവരുടെ ഓപ്ഷന്റെ അടിസ്ഥാന ത്തിൽ വകുപ്പിലെ ഒഴിവുകളിലേയ്ക്ക് പരിഗണിക്കുകയും കേരള, മഹാത്മാ ഗാന്ധി, കോഴിക്കോട് സർവ്വകലാശാലകളിൽ നിന്നും കൊളീജിയേറ്റ് എഡ്യൂ ക്കേഷൻ ഡയറക്ടറേറ്റിൽ നിന്നും 1:1:1:1 എന്ന അനുപാതത്തിൽ ജീവക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്യുകയുണ്ടായി. ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന് ആകെ 230 തസ്തികകളാണ് അനുവദിച്ചി ട്ടുള്ളത്. ഇതു കൂടാതെ 85 ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. സ്ഥിരം ജീവനക്കാരിൽ 61 പേരാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നത്. ഓപ്ഷൻ നൽകി വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥരെ സ്ഥിര പ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 19–02–2005–ലെ ജി.ഒ.(എം.എസ്) നം.447/2005/പൊ.വി.വ., 22-10-2007–ലെ ജി.ഒ.(എം.എസ്)നം.185/2007/പൊ.വി. വ., 14-05-2010–ലെ ജി.ഒ. (എം.എസ്) നം.72/2010/പൊ.വി.വ., 08-11-2011–ലെ ജി.ഒ.(എം.എസ്)നം.230/2011/പൊ.വി.വ. എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം ജീവനക്കാരെ സ്ഥിരപ്പെടു ത്തിയതിലെ സീനിയോറിറ്റി ലിസ്റ്റിൽ അപാകതകൾ ഉണ്ടെന്ന് പരാതി ഉയർന്ന

തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കാൻ അനോമലി കമ്മിറ്റി സർക്കാർ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സീനിയോറിറ്റിയിലുള്ള അപാകതകൾ പരിഹരിച്ചു തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ വകുപ്പിന് മാത്രമായി സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ലെന്ന കാരണത്താൽ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തന്നെ ഇവർ വകുപ്പിൽ തുടർന്ന് വരികയും ഭീമമായ ഒരു തുക വർഷംതോറും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ അക്കൗണ്ടിലേയ്ക്ക് അടച്ച് വരികയുമാണ്. സർക്കാരിനുണ്ടാകുന്ന ഈ സാമ്പത്തിക ബാധ്യതയ്ക്ക് പുറമേ യൂണിവേഴ്സിറ്റികളിൽ നിന്നും ഡെപ്യൂട്ടേഷനിൽ തുടരുന്ന ജീവനക്കാരിൽ കുറ്റാരോപിതരായവരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കുവാനുള്ള അധികാരവും സർക്കാരിനില്ല എന്നതിനാൽ ഈ ജീവനക്കാരെ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആകെയുള്ള 61 ജീവനക്കാരിൽ 54 പേർ വകുപ്പിൽ സ്ഥിരപ്പെടുത്താൻ ഓപ്ഷൻ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 7 പേരിൽ 2 പേർ വകുപ്പിൽ സ്ഥിരപ്പെടാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടില്ല. അവ ശേഷിക്കുന്ന 5 പേർ 2015 ഡിസംബർ 31-ന് മുമ്പ് സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുന്നവരാണ്. മേൽ കണക്കുപ്രകാരം ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നീ തസ്തികകളിലായി വകുപ്പിൽ സ്ഥിരപ്പെടുത്തേണ്ടവർ 54 മാത്രമാണ്. നോൺ ഗസറ്റഡ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതും വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിന്

താൽപ്പര്യപ്പെടുന്നതുമായ ജീവനക്കാരെ നിലവിലുള്ള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം സ്ഥിരപ്പെടുത്തുന്ന തിനും, സീനിയർ സൂപ്രണ്ട്, അക്കൗണ്ട് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാരെ ജനറൽ സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം സ്ഥിരപ്പെടുത്തുന്നതിനും അതുപോ ലെതന്നെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരെ കേരള ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരവും പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കേരള പാർട്ട്ടൈം കണ്ടിൻജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് അനുസരിച്ചും വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിനും സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും അതിനനുസരിച്ചുള്ള തുടർ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയുമാണ്. അക്കാഡമിക് വിഭാഗത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പുതുതായി സ്പെഷ്യൽ റൂൾസ് രൂപീകരിച്ചതിനുശേഷമേ സ്ഥിരപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഈ വിഭാഗത്തിൽ ഇപ്പോൾ ജോലി നോക്കുന്നത് 5 പേർ മാത്രമാണ്. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോ ഗമിച്ചുവരികയാണ്. ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തന ങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധിക ജോലിഭാരം ലഘൂകരിക്കുന്നതിനു മായി വകുപ്പിന് മൂന്ന് മേഖലാ ഓഫീസുകൾ കൂടി സർക്കാർ അനുവദിക്കു കയും അവ കോട്ടയം, മലപ്പുറം, കണ്ണൂർ ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ചെങ്ങന്നൂർ കേന്ദ്രമാക്കി ഹയർ

സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന് ഒരു പുതിയ മേഖലാ ഓഫീസ് കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ബി.എഡ്സ്. സെന്ററുകൾ പൂട്ടുവാനുള്ള തീരുമാനം

ശ്രീ. ആർ. രാജേഷ്: സർ, കേരള സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന 10 ബി.എഡ്സ്. സെന്ററുകൾ പൂട്ടാനുള്ള തീരുമാനം പുനഃപരി ശോധിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷ നിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതി ന്റെയും ശമ്പളമടക്കമുള്ള കാര്യങ്ങൾ കൊടുക്കാത്തതിന്റെയും ഭാഗമായി ട്ടാണ് ഈ ബി.എഡ്സ്. സെന്റർ പൂട്ടാൻ തീരുമാനിച്ചിട്ടുള്ളതെന്നാണ് സർവ്വക ലാശാല വ്യക്തമാക്കിയത്. ഇതിന്റെ ഭാഗമായി രണ്ടായിരത്തോളം വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കാനാവശ്യമായ അവസരമാണ് നിഷേധിക്കപ്പെടുന്നത്. കേസ് നിലനിൽക്കുന്നതിനാൽ, ഈ ബി.എഡ്സ്. കോളേ ജുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള സെൻട്രൽ ഫണ്ട് ലഭ്യമാകില്ല. ഒരു പ്രൈവറ്റ് മാനേജ്മെന്റിനുവേണ്ടി ഒരു വ്യക്തിയാണ് ഈ കേസ് കൊടു ത്തിട്ടുള്ളത്. ആ പ്രൈവറ്റ് മാനേജുമെന്റിനുവേണ്ടി ഈ ബി.എഡ്സ്. സെന്ററുക ളിൽ അടിസ്ഥാന സൗകര്യമില്ല, ശമ്പളം കൊടുക്കുന്നില്ല എന്നൊക്കെ പറഞ്ഞ് കേസ് കൊടുക്കുമ്പോൾ അതിനെ പ്രതിരോധിക്കാനായി സർവ്വകലാശാലയോ സിൻഡിക്കേറ്റോ മുന്നോട്ടുവന്നിട്ടില്ല. എൻ.സി.റ്റി.ഇ.–യുടെ മാനദണ്ഡം അനുസരിച്ച് ഈ ബി.എഡ്സ്. സെന്ററുകളുടെ ശമ്പളം കൊടുക്കാനാവശ്യമായ തീരുമാനം സിൻഡിക്കേറ്റിനെടുക്കാം, സർക്കാരിന് ബി.എഡ്സ്. സെന്ററുകളുടെ

അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാം. സർക്കാർ ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല, ശമ്പളം കൊടുക്കാനാവശ്യമായ നടപടി സിൻഡിക്കേറ്റും സ്വീകരിച്ചിട്ടില്ല. ഇതിൽ നിന്ന് വ്യക്തമാകുന്നത്, ഈ സ്വകാര്യ വ്യക്തി ഹൈക്കോടതിയിൽ ഹർജി കൊടുക്കുമ്പോൾ ആ സ്വകാര്യ വ്യക്തിയുടെ ഹർജിക്ക് അനുകൂലമായ നടപടിയാണ് സിൻഡിക്കേറ്റ് കോടതിയിൽ സ്വീകരിച്ചിട്ടുള്ളത് എന്നാണ്. യഥാർത്ഥത്തിൽ, ഒരു സർവ്വകലാശാലയ്ക്ക് എതിരെ കേസ് വരുമ്പോൾ കോടതിയിൽ ഹാജരാകേണ്ട സ്റ്റാന്റിംഗ് കൗൺസിൽ ആ യോഗത്തിൽ ഹാജരായിട്ടില്ല. സിൻഡിക്കേറ്റ് ഈ പ്രൈവറ്റ് മാനേജ്മെന്റിന് എല്ലാ ഒത്താശയും ചെയ്യുകയാണ്. ആ പ്രൈവറ്റ് മാനേജ്മെന്റിന് ഒത്താശ ചെയ്തതിനുള്ള പ്രധാനപ്പെട്ട കാരണം, ഇല്ലാത്ത ഭൂമി ഉണ്ടെന്ന് കാണിച്ച് കടലാസ്സ് ട്രസ്റ്റിന്റെ പേരിൽ ഒരു ബി.എഡ്സ്. കോളേജിന്റെ അഫിലിയേഷൻ സമ്പാദിച്ചിട്ടുള്ള ഒരാളാണ് ഇപ്പോൾ സിൻഡിക്കേറ്റിൽ ഇരിക്കുന്നത്. അദ്ദേഹമാണ് ഈ 10 ബി.എഡ്സ്. സെന്ററുകൾ അടച്ചുപൂട്ടാനാവശ്യമായ നടപടികൾ സിൻഡിക്കേറ്റിനെക്കൊണ്ട് സ്വീകരിപ്പിക്കുന്നത്. ഇത് രണ്ടായിരത്തോളം വരുന്ന വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കും. ഭാവിയിൽ ഇത്രയും വിദ്യാർത്ഥികൾക്ക് മെറിറ്റിൽ കുറഞ്ഞ ഫീസിൽ പഠിക്കാനാവശ്യമായ അവസരം നിഷേധിക്കപ്പെടും. ബാറുകളുടെ സൗകര്യത്തെക്കുറിച്ച് വ്യാകുലപ്പെടുന്ന കേരളത്തിലെ നിയമസഭ ഈ ബി.എഡ്സ്. സെന്ററുകളുടെ സൗകര്യം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ബാറുകളുടെ പ്രശ്നത്തേക്കാൾ പ്രധാനപ്പെട്ട പ്രശ്നം വിദ്യാർത്ഥികളുടെ പഠനമാണ്, അതുകൊണ്ട് രണ്ടായിരം വിദ്യാർത്ഥികളുടെ പഠനം നിഷേധിക്കപ്പെടുന്ന സാഹചര്യം സംബന്ധിച്ച് വളരെ കർശനമായി

പരിശോധിക്കണം. അതിനാവശ്യമായ നിയമ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ടീച്ചർ എജ്യൂക്കേഷൻ സെന്ററുകൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളാണ്. ബി.എഡ്സ്. കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജ്യൂക്കേഷൻ അഥവാ എൻ.സി.റ്റി.ഇ. ആണ്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ടീച്ചർ എജ്യൂക്കേഷൻ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ എൻ.സി.റ്റി.ഇ. ചില അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നു.

കേരള യൂണിവേഴ്സിറ്റി ടീച്ചർ എജ്യൂക്കേഷൻ സെന്ററുകൾ സ്വാശ്രയ സ്ഥാപനങ്ങളാണെങ്കിലും സർവ്വകലാശാലകൾ നേരിട്ട് നടത്തുന്നവയായതിനാൽ സർക്കാർ ഇടപെടുകയും പ്രസ്തുത അപാകതകൾ സമയബന്ധിതമായി പരിഹരിക്കണമെന്ന വ്യവസ്ഥയോടെ 2015-2016 അദ്ധ്യയന വർഷം വരെ കേരള യൂണിവേഴ്സിറ്റി ടീച്ചർ എജ്യൂക്കേഷൻ സെന്ററുകൾക്ക് എൻ.സി.റ്റി.ഇ. യിൽ നിന്നും അംഗീകാരം നൽകുകയുമുണ്ടായി. എന്നാൽ പ്രസ്തുത നടപടി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. അജിത് ഐസക് ഫയൽ ചെയ്ത ഡബ്ല്യൂ.പി (സി) 26542/2013 നമ്പർ പെറ്റീഷനിൽ 11.04.2014 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം എൻ.സി.റ്റി.ഇ. യുടെ അംഗീകാരം 2013-2014 അദ്ധ്യയന വർഷത്തിലേയ്ക്ക് മാത്രമായി ചുരുക്കിക്കൊണ്ടും

2014-2015 അദ്ധ്യയന വർഷം മുതൽ കോഴ്സുകൾ നടത്തണമെങ്കിൽ എൻ.സി.റ്റി.ഇ. യുടെ തുടർ അംഗീകാരം തേടണമെന്നും ഉത്തരവായിട്ടുണ്ട്. ആയതിനാൽ 2014-2015 അദ്ധ്യയന വർഷത്തിലേയ്ക്ക് ബി.എഡ്സ്. കോഴ്സ് നടത്തുന്നതിന് അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി കേരള സർവ്വകലാശാല എൻ.സി.റ്റി.ഇ.–യെ സമീപിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ സർവ്വകലാശാലകളും ഇത്തരത്തിലുള്ള ധാരാളം സ്വാശ്രയ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. പ്രസ്തുത സ്വാശ്രയ സ്ഥാപനങ്ങളുടെയൊന്നും സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ സർക്കാരിന് കഴിയില്ല. പ്രസ്തുത സ്വാശ്രയ സെന്ററുകൾ നടത്തണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് സർവ്വകലാശാലയുടെ മാത്രം പരിധിയിൽ വരുന്ന കാര്യമാണ്. ടീച്ചർ എജ്യൂക്കേഷൻ സെന്ററുകൾ നിർത്തലാക്കുന്നതിന് തീരുമാനമെടുത്തിട്ടില്ലെന്ന് കേരള സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് സർവ്വകലാശാലയിൽ നിന്ന് സർക്കാരിന് കത്തുകളൊന്നും ലഭിച്ചിട്ടില്ല.

## ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, വെഞ്ഞാറമൂട് ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കോട്ടയത്തേയ്ക്ക് പോകണമെങ്കിൽ ഗതാഗതക്കുരുക്കിൽപ്പെട്ട് ഒരു മണിക്കൂറെങ്കിലും വൈകുമെന്ന കാര്യം ഇവിടെയുള്ള മിക്കവാറും മന്ത്രിമാർക്കറിയാം. തിരുവനന്തപുരം–കോട്ടയം സ്റ്റേറ്റ് ഹൈവേയിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന സ്ഥലമാണ് വെഞ്ഞാറമൂട് ജംഗ്ഷൻ. ആയിരക്കണക്കിന് വാഹനങ്ങ

ളാണ് ദിനംപ്രതി ഇടതടവില്ലാതെ ഇതുവഴി കടന്നുപോകുന്നത്. സ്റ്റേറ്റ് ഹൈവേയുടെ പടിഞ്ഞാറ് ഭാഗത്തേയ്ക്ക് പോകുവാനുള്ള ആറ്റിങ്ങൽ റോഡും വെഞ്ഞാറമൂട് ജംഗ്ഷനിൽ നിന്നും കിഴക്കോട്ടുപോകുന്ന പുത്തൻപാലം റോഡും വെഞ്ഞാറമൂട് ടൗണിന്റെ മധ്യത്തിൽ വച്ച് മെയിൻ റോഡിനെ കുറുകെ മുറിച്ച് കടന്നുപോകുകയാണ്. ഈ ജംഗ്ഷനടുത്താ യാണ് മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതിചെയ്യുന്നത്. കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയും വെഞ്ഞാറമൂട് ജംഗ്ഷന്റെ ഹൃദയഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ഇവിടെയുണ്ടാകുന്ന ഗതാഗതക്കുരുക്ക് പലപ്പോഴും കിലോമീറ്ററോളം നീണ്ടു പോകുകയും വാഹനങ്ങൾ കടന്നുപോകുന്നതിന് മണിക്കൂറുകളോളം കാത്തുകിടക്കേണ്ടതുമായ ദുഃസഹമായ അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇക്കാര്യം ഇവിടത്തെ മന്ത്രിമാർക്കും എം.എൽ.എ. മാർക്കും മാത്രമല്ല മറ്റുള്ള എല്ലാവർക്കുമറിയാവുന്നതാണ്. ദീർഘദൂര യാത്രക്കാർക്കും ആംബുലൻസ് തുടങ്ങിയ അടിയന്തര സർവ്വീസുകൾക്കും ഈ കുരുക്കിൽപ്പെട്ട് ബുദ്ധി മുട്ടുണ്ടാകുന്നുണ്ട്. പിരപ്പൻകോട്, സെന്റ്ജോൺസ് ഹോസ്പിറ്റൽ നട യിൽനിന്നും ആരംഭിച്ച് എം.സി. റോഡിന്റെ കിഴക്കുഭാഗത്തുകൂടി ഗോകുലം മെഡിക്കൽ കോളേജ്, മുസ്ലീം അസോസിയേഷൻ എൻജിനീയറിംഗ് കോളേജ് വഴി കീഴായിക്കോണത്ത് എം.സി. റോഡിൽ ചെന്നെത്താവുന്നതാ ണ്. ഇതിനുവേണ്ടിയുള്ള ഭൂമി സൗജന്യമായി വിട്ടുകൊടുക്കാൻ ജനങ്ങൾ തയ്യാറാണെന്നുള്ള കാര്യം ഞാൻ മുഖ്യമന്ത്രിയോട് പറഞ്ഞു. 25.06.2012 –ലാണ് മുഖ്യമന്ത്രിക്ക് നിവേദനം കൊടുത്തത്. 28.06.2012 –ന് മുഖ്യമന്ത്രി ആ നിവേദനം പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കൊടുത്തിട്ടുള്ളതും ആയത്

പി.ഡബ്ല്യു.ഡി. മന്ത്രി അന്നുതന്നെ അനന്തര നടപടികൾക്കായി കൊടുത്തിട്ടുള്ളതുമാണ്. അത് കൊടുത്ത് രണ്ട് കൊല്ലമായിട്ടും ഡിപ്പാർട്ടുമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതാണ് എന്റെ പരാതി. രണ്ട് കൊല്ലമായിട്ട് യാതൊരു നടപടിയും എടുത്തുകാണുന്നില്ല. 28.06.2012-ൽ സർവ്വേയും ഇൻവെസ്റ്റിഗേഷനും നടത്താനായി മന്ത്രി ഉത്തരവിട്ട് രണ്ട് കൊല്ലമായിട്ടും ഡിപ്പാർട്ടുമെന്റ് അനങ്ങാത്തതുകൊണ്ടാണ് അടിയന്തരമായി ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. സ്വീകരിക്കേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ച് പണി പൂർത്തീകരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് മന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കെ.എസ്.ടി.പി. ഒന്നാം പദ്ധതിയിൽപ്പെടുത്തി വെഞ്ഞാറമ്മൂട് ടൗൺ ഉൾപ്പെടുന്ന എം.സി. റോഡിന്റെ തൈക്കോട്-അടൂർ-ചെങ്ങന്നൂർ ഭാഗത്തെ അപ്ഗ്രഡേഷൻ പ്രവൃത്തികൾ 2010 മാർച്ചിൽ പൂർത്തീകരിച്ചിട്ടുണ്ട്. അതിനുശേഷം ആവശ്യമായ റോഡു സുരക്ഷാ പണികളും പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ടി.പി. രണ്ടാം പദ്ധതിയിലുൾപ്പെടുത്തി ഏകദേശം 90 കോടി രൂപ ചെലവിൽ തൈക്കോട്-അടൂർ റോഡിനെ ഒരു മോഡൽ സേഫ് കോറിഡോറാക്കി മാറ്റുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിവരികയാണ്. അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ബൈപ്പാസിനെ സംബന്ധിച്ച് ഈ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലില്ല. മുഖ്യമന്ത്രിക്കും അതുപോലെ എനിക്കുംതന്ന മെമ്മോറാണ്ടത്തിന്റെ ഫലമായി ഒരു ഇൻവെസ്റ്റിഗേഷൻ നടത്തി ഫണ്ടിന്റെ അവയിലബിലിറ്റി അനുസരിച്ച് അതിന്റെ നടപടികളുമായി

മുന്നോട്ടുപോകണമെന്നാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഫ്രീയായി വിട്ടുതരുമെങ്കിൽ തീർച്ചയായും ഈ പദ്ധതി ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ചക്കുവള്ളി-മാലുമേൽ ശാസ്താംകോട്ട റോഡ് നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, 2009-10 വർഷത്തെ ബഡ്ജറ്റിൽ ഏകദേശം രണ്ടുകോടിയിലധികം രൂപ ഉൾപ്പെടുത്തി 26-06-2010-ൽ പണി ആരംഭിച്ചിട്ടുള്ള ചക്കുവള്ളി-മാലുമേൽ ശാസ്താംകോട്ട റോഡിന്റെ നിർമ്മാണപ്രവർത്തനം നാലുവർഷമായിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കരാറുകാരന്റെ നിഷേധ നിലപാടുകളാണ് ഈ റോഡ് പൂർത്തീകരിക്കാതിരിക്കാനുള്ള പ്രധാനപ്പെട്ട കാരണം. അങ്ങ് കൊല്ലം ജില്ലയിലെ എം.എൽ.എ.-മാരെയെല്ലാം വിളിച്ചുചേർത്ത് യോഗം നടത്തിയിരുന്നു. ആ യോഗത്തിലും ഞാൻ വളരെ പ്രധാനമായി സൂചിപ്പിച്ചിരുന്നു. ഇതുവരെ അതിന്റെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ഏകദേശം മൂന്ന് സ്കൂളുകളുള്ള ഒരു പ്രദേശമാണ്. കുറച്ചുഭാഗം കരാറുകാരൻ പണി ചെയ്തു. പിന്നെ ഇട്ടിട്ടു പോയി. ഇപ്പോൾ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തും അവിടത്തെ ജനങ്ങളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയിരിക്കുകയാണ്. ഇതൊരു നിസാരകാര്യമായി കാണാൻ കഴിയില്ല. നാലുവർഷം കഴിഞ്ഞ ഈ റോഡിന്റെ നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. ഞാൻ ഉദ്യോഗസ്ഥൻമാരെ കുറ്റം പറയുന്നില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയർ അടക്കമുള്ള ഉദ്യോഗസ്ഥരും ഞാനും ആ സ്ഥലം സന്ദർശിച്ചതാണ്. പക്ഷേ ഇതുവരെ ഒരു പണിയും നടന്നിട്ടില്ല. കുട്ടികൾക്കുപോലും നടക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നു. കേസ് കോടതിയിലുണ്ടെങ്കിൽ ആ കേസ് നിലനിൽക്കെത്തന്നെ കുഴിയടയ്ക്കാനുള്ള

സംവിധാനമെങ്കിലും പി.ഡബ്ല്യു.ഡി–ക്ക് ചെയ്യാമല്ലോ. അതുപോലും ചെയ്യുന്നില്ല. അതുകൊണ്ട് അങ്ങ് അടിയന്തരമായി ബന്ധപ്പെട്ട കരാറുകാര നേയും ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും വിളിച്ചുചേർത്ത് ഇതിന് ശാശ്വതമായ ഒരു പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ച കാര്യം വളരെ പരമാർത്ഥമാണ്. 9.6 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുപണി 2010–ൽ ഏൽപ്പിച്ചതാണ്. പക്ഷേ ഇപ്പോൾ അതിന്റെ ടാറിംഗ് പൂർത്തിയാക്കി യത് 8.1 കിലോമീറ്റർ മാത്രമാണ്. 1.5 കിലോമീറ്റർ മെറ്റലിംഗ് മാത്രമേ ചെയ്തി ട്ടുള്ളൂ. അദ്ദേഹം പറഞ്ഞതുപോലെ, കരാറുകാരനോട് നിരന്തരം ഡിപ്പാർട്ടു മെന്റ് ആവശ്യപ്പെട്ടിട്ടും ആ പ്രവൃത്തി അദ്ദേഹം രണ്ടാമത് ചെയ്തിട്ടില്ല. അദ്ദേഹത്തെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിക്കൊണ്ട് പണി പെട്ടെന്ന് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പംതന്നെ അദ്ദേഹം സൂചിപ്പിച്ച റോഡ് traffic worthy ആക്കാനുള്ള നടപടിയും അടിയ ന്തരമായി സ്വീകരിക്കുന്നതാണ്.

## മൂന്നാർ ബൈപ്പാസ്

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മൂന്നാർ ഒരു വിനോദസഞ്ചാര മേഖലയാണ്. എല്ലാ സ്ഥലങ്ങളിൽനിന്നുള്ള ആളുകളും വന്നുപോകുന്ന സ്ഥലമാണ്. മൂന്നാർ ബൈപ്പാസിന്റെ കാര്യം ബഡ്ജറ്റിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ റീ–ടാറിംഗ് നടത്തേണ്ട

റോഡുകൾപോലും നന്നാക്കിയിട്ടില്ല. ഡി.ഡി.സി.–യിൽപ്പോലും പല പ്രാവശ്യം വന്നിട്ടും അത് ഇതുവരെ നന്നാക്കിയിട്ടില്ല. ആ സാഹചര്യത്തിൽ വളരെയധികം യാത്രാക്ലേശമുള്ളതും വരുന്ന സഞ്ചാരികൾക്ക് അസ്വസ്ഥതയുണ്ടാക്കുന്നതും അസൗകര്യമുള്ളതുമാണ് മൂന്നാർ ടൗണിനകത്തുള്ള സിംഗിൾ റോഡ്. അത്തരത്തിൽ ഒരു ബൈപ്പാസ് റോഡ് ആവശ്യപ്പെടുകയും ബഡ്ജറ്റിൽ സ്ഥാനം പിടിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങേയ്ക്ക് ഇതെല്ലാം ബോധ്യമുള്ള കാര്യമാണ്. അവിടെ സ്ഥലത്തിന്റെ യാതൊരു പ്രശ്നവുമില്ല. മൂന്നാറിൽ വരുന്നവർക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കുക എന്നുള്ള ദൗത്യം നമുക്കുള്ളതുകൊണ്ട് അത് അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ബൈപ്പാസ് റോഡ് നിർമ്മാണം പാലമടക്കം നടത്തണമെന്നുമാണ് എന്റെ അഭ്യർത്ഥന.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട എസ്. രാജേന്ദ്രൻ എം.എൽ.എ. ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മൂന്നാർ ബൈപ്പാസിന്റെ പ്രൊപ്പോസൽ ഇതുവരെ നാഷണൽ ഹൈവേ അംഗീകരിച്ചിട്ടില്ല. പക്ഷേ ആ ബൈപ്പാസിന്റെ പ്രയോജനം കിട്ടുന്ന വിധത്തിലുള്ള ചില വികസനപ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുകയാണ്. അതനുസരിച്ച് ഇപ്പോൾ അപ്രോച്ച് റോഡുകൾ വീതി കൂട്ടുന്നതിനുള്ള ജോലികൾ ഉൾപ്പെടുത്തിക്കൊണ്ട് എൻ.എച്ച്–49 ബോഡിമെട്ട് മുതൽ പെരിയകനാൽവരെ വികസിപ്പിക്കുന്നതിന് 95 കോടിരൂപയുടെ എസ്റ്റിമേറ്റ് 13–1–2014–ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടോൾ പ്ലാസയുടെ സ്ഥാനം അറിയിക്കാത്തതിനാൽ നമുക്ക് അതിന്

അനുമതി ലഭിച്ചിട്ടില്ല. ഈ വർഷം ടോൾ പ്ലാസയുടെ സ്ഥാനം അറിയിച്ചു കൊണ്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ്. അതൊരു വ്യവസ്ഥയാണ്. ടോൾ പ്ലാസയുടെ സ്ഥാനം അറിയിച്ചാൽ മാത്രമേ തുക ലഭിക്കുകയുള്ളൂ. അതൊരു നല്ല പദ്ധതിയാണ്. അതോടൊപ്പംതന്നെ പുതിയ മൂന്നാർ പാലം, അപ്രോച്ച് റോഡ് തുടങ്ങിയവയും 90 കോടി രൂപയുടെ വികസനവും പൂർത്തിയാകുന്നതോടുകൂടി ബൈപ്പാസിന് തുല്യമായ ഗതാഗതസൗകര്യം ലഭിക്കുന്നതാണ്. ബൈപ്പാസിനുള്ള സംരംഭം തുടരുന്നതാണ്.

## നടമ്മൽകടവ് പാലം നിർമ്മാണം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കൊടുവള്ളി, ഓമശ്ശേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന നടമ്മൽക്കടവിൽ എത്രയോ വർഷങ്ങളുടെ കാത്തിരിപ്പിനുശേഷം ജനങ്ങളുടെ ചിരകാല സ്വപ്നം സാക്ഷാത്ക്കരിച്ചു കൊണ്ട് പാലം നിർമ്മിക്കുന്നതിന് അനുവാദം ലഭിക്കുകയും പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണപ്രവൃത്തി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പ് വളരെ കാര്യക്ഷമമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ചുവപ്പുനാടയിൽ കുടുങ്ങിയിരുന്ന ഫയൽ പുറത്തെടുപ്പ് പ്രവൃത്തി തുടങ്ങാൻ സാഹചര്യമൊരുക്കിയത്. എന്നാൽ പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് കൊടുക്കുവാൻ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻമാരിലുണ്ടായിട്ടുള്ള അലംഭാവം പ്രവൃത്തി തുടങ്ങുവാൻ കാലതാമസം വന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ പ്രദേശത്തെ ജനങ്ങൾ മുഴുവനും നിരാശയിലാണ്. ജനപ്രതിനിധികൾക്ക് അങ്ങോട്ട് കടന്നുചെല്ലാൻ കഴിയാത്ത

സ്ഥിതിയാണുള്ളത്. എത്രയുംവേഗം വേണ്ട നടപടികൾ സ്വീകരിച്ച് പാല ത്തിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട വി. എം. ഉമ്മർ മാസ്റ്റർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു പാലത്തിന്റെ പ്രശ്നമാണ്. രണ്ടുസൈഡിലും സൗജന്യമായി സ്ഥലം തരാമെന്നുള്ള വാഗ്ദാനമുണ്ടായിരുന്നു. എന്നാൽ ഒരു സൈഡിലുള്ള ജനങ്ങൾ ആ വാഗ്ദാനത്തിൽനിന്ന് പിൻമാറിയതുകൊണ്ടാണ് ഇതിന് തടസം നേരിട്ടത്. പക്ഷേ ഇപ്പോൾ വളരെ ജാഗ്രതയോടുകൂടി കാര്യങ്ങൾ പോകുന്നു ണ്ട്. 4 (1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റുമായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ശക്തമായ രീതിയിൽ അതിന്റെ നടപടി കൾ മുന്നോട്ടുപോകും. ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ട് വളരെ എളുപ്പത്തിൽ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. അതിനുള്ള നടപടികൾ സ്വീകരിക്കു മെന്ന് ഉറപ്പ് നൽകുകയാണ്.

## ബേക്കൽ-ബാംഗ്ലൂർ ഇന്റർസ്റ്റേറ്റ് ആന്റ് ടൂറിസം ഹൈവേ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, കാസർഗോഡ് ജില്ലയിലെ ബേക്കൽ-ബാംഗ്ലൂർ ഇന്റർസ്റ്റേറ്റ് ആന്റ് ടൂറിസം ഹൈവേയ്ക്ക് ഭരണാനുമതി നൽകണമെന്ന ആവശ്യകതയിലേയ്ക്കാണ് ഞാൻ ഈ സബ്മിഷൻ അവതരി പ്പിക്കുന്നത്. ബേക്കൽകോട്ട കാസർഗോഡ് ജില്ലയിലാണെങ്കിലും നമ്മുടെ

സംസ്ഥാനത്തും ദേശീയ അടിസ്ഥാനത്തിലും അറിയപ്പെടുന്ന ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ്. അവിടെ നിത്യേന ആയിരക്കണക്കിന് ആളുകൾ വന്നുപോയിക്കൊണ്ടിരിക്കുകയാണ്. അവർക്കെല്ലാം യാത്രാ സൗകര്യം വളരെ കുറവാണ്. ആ പ്രദേശത്തിന് തൊട്ടടുത്ത് കിടക്കുന്ന ബാംഗ്ലൂർ, മൈസൂർ, സുള്ളി, ബന്തടുക്ക, പൊയ്നാച്ചിവഴി ബേക്കൽക്കോട്ട യിൽ എത്തിച്ചേരുവാനുള്ള പ്രധാനപ്പെട്ട റോഡാണ്. ബാംഗ്ലൂരിൽനിന്ന് ബന്തടുക്കവരെയുള്ള കർണ്ണാടക റോഡ് മുഴുവൻ പണി പൂർത്തീകരിച്ച് 10 കിലോമീറ്റർ വീതിയിൽ ടാർ ചെയ്ത് നല്ല റോഡാക്കി അഭിവൃദ്ധിപ്പെടുത്തി യിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിൽക്കൂടി കടന്നുപോകുന്ന 37 കിലോമീറ്റർ റോഡിന്റെ സ്ഥിതിയും വളരെ പരിതാപകരമാണ്. ആ റോഡുകൂടി പുനരുജ്ജീവിപ്പിച്ച് നല്ല റോഡാക്കി മാറ്റിയാൽ കർണ്ണാടക ത്തിൽനിന്ന് വരുന്ന ആളുകൾക്ക് നമ്മുടെ പ്രദേശത്ത് എത്തിച്ചേരുവാൻ, പ്രത്യേകിച്ച് ബേക്കൽകോട്ടയിൽ എത്തിച്ചേരുവാൻ പറ്റുന്ന പ്രധാനപ്പെട്ട റോഡാക്കി മാറ്റാൻ കഴിയും. ഈ റോഡിനുവേണ്ടി ഒറ്റ സെന്റുസ്ഥലംപോലും അക്വയർ ചെയ്യുകയോ വില കൊടുത്ത് എടുക്കേണ്ടിയോ വരികയില്ല. ഇഷ്ടം പോലെ സ്ഥലമുണ്ട്. എവിടെയെങ്കിലും അങ്ങനെയുള്ള പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിച്ച് കൊടുക്കാവുന്നതുമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇടപെട്ട് ബേക്കൽകോട്ടയിലേയ്ക്ക് എത്തുന്ന ഈ റോഡ് എത്രയുംവേഗം നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ബേക്കൽ-ബാംഗ്ലൂർ ഇന്റർസ്റ്റേറ്റ് ഹൈവേയുടെ ഭാഗമായി കർണ്ണാടക സംസ്ഥാനത്തിലെ മടിക്കേരി ജില്ലയിലെ സുള്ളിയിലേക്ക് എളുപ്പത്തിൽ എത്തിപ്പെടാവുന്ന റോഡിന്റെ കാര്യമാണ്. കാസർഗോഡ് ജില്ലയിലെ തെക്കിൽ-ആലട്ടി റോഡ് ദേശീയ പാത 66-ൽ പൊയ്നാച്ചിയിൽ നിന്നാരംഭിച്ച് കർണ്ണാടകത്തിലെ ആലട്ടിയിൽ അവസാനിക്കുന്നു. ഈ റോഡിന്റെ 37 കിലോമീറ്റർ ഭാഗം കേരളത്തിലൂടെ കടന്നുപോകുന്നു. ഈ റോഡ് ബി.എം. & ബി.സി. ചെയ്യുന്നതിന് 55 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇതിന് ഭരണാനുമതി കൊടുക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നു.